بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 8

ലക്കം 40

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ഒക്ടോബർ 05/ ഹി.ശം 1402 ഇഖാ05/ റബീഉൽ അവ്വൽ 19

## അല്ലാഹുവിന്റെ വചനം

أَفَلَا يَتُوبُونَ إِلَى اللَّهِ وَيَسْتَغْفِرُونَهُ ۚ وَاللَّهُ غَفُورٌ رَّحِيمٌ ○

(المائدة:75)

അവർ ഇനിയും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും അവനോടു പാപമോചനത്തിന് അർഥിക്കുകയും ചെയ്യുന്നില്ലേ? അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.(5:75)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

(2448)ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം. നബി(സ)തിരുമേനി ഹദ്റത്ത് മുആദിനെ യമനിലേക്കയച്ചു. അവിടന്ന് പറഞ്ഞു:പീഢിതന്റെ ശാപപ്രാർഥനയിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. കാരണം അവന്റേയും അല്ലാഹുവിന്റേയുമിടയിൽ തടസ്സമൊന്നുമില്ല.

(2449)അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:വല്ലവനും തന്റെ സ്നേഹിതന്റെ അഭിമാനത്തെ വ്രണപ്പെടുത്തിക്കൊണ്ടോ മറ്റോ ദ്രോഹിച്ചിട്ടുണ്ടെങ്കിൽ ദീനാറും ദിർഹമും ഫലം ചെയ്യാത്ത ദിവസം വരും മുമ്പേ ഈ ലോകത്തു വെച്ചുതന്നെ മാപ്പു ചോദിച്ച് തന്റെ പാപത്തിൽനിന്ന് മോചനം നേടിക്കൊള്ളട്ടെ. അവൻ സൽകർമവും ചെയ്തിട്ടുണ്ടെങ്കിൽ ചെയ്ത അക്രമത്തിന്റെ തോതനുസരിച്ച് അതിൽനിന്നെടുക്കും. അവന് നന്മകളൊന്നുമില്ലെങ്കിലും അക്രമിക്കപ്പെട്ട സഹോദരന്റെ പാപത്തിൽ ഒരു ഭാഗം ഇവന്റെ മേൽ ചുമത്തും. (സ്വഹീഹ് ബുഖാരി, വാല്യം 4, കിതാബുൽ മളാലിം, പ്രസാധനം 2008 ഖാദിയാൻ)

**നന്മകളുടെ മാതാവ് സൽസ്വഭാവംതന്നെയാണ്. നന്മയുടെ ആദ്യത്തെ ദർജ, അവിടെനിന്നാണ് മനുഷ്യൻ ശക്തി പ്രാപിക്കുന്നത്. ലോകത്തുള്ള സകലമാന വസ്തുക്കളും പ്രയോജനമുള്ളതാണെന്നാണ് എന്റെ മതം. എന്നാൽ, മനുഷ്യൻ ഉത്തമമായ സ്വഭാവങ്ങൾ കരസ്ഥമാക്കി ഫലപ്രദമാകുന്ന അസ്തിത്വം ആകാത്തിടത്തോളം അവൻ ഒന്നിനും കൊള്ളത്തവനായിത്തീരും.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### സൽസ്വഭാവം നന്മകളുടെ താക്കോലാണ്

സൽസ്വഭാവം മറ്റു നന്മകളുടെ താക്കോലാണ്. സൽസ്വഭാവത്തിന്റെ പരിഷ്കരണം നടത്താത്തവർ പതുക്കെപ്പതുക്കെ നന്മയില്ലാത്തവരായിത്തീരുന്നു. ലോകത്തുള്ള സകലമാന വസ്തുക്കളും പ്രയോജനമുള്ളതാണെന്നാണ് എന്റെ മതം. വിഷവും മാലിന്യവുംകൂടി പ്രയോജനപ്പെടുന്നു. ഇസ്ട്രിക്കീനായും (ഒരു ഔഷധം)പ്രയോജനപ്പെടുന്നു. അവയവങ്ങളിൽ അത് സ്വാധീനം ചെലുത്തുന്നു. എന്നാൽ, മനുഷ്യൻ ഉത്തമമായ സ്വഭാവങ്ങൾ കരസ്ഥമാക്കി ഫലപ്രദമാകുന്ന അസ്തിത്വം ആകാത്തിടത്തോളം അവൻ ഒന്നിനും കൊള്ളത്തവനായിത്തീരും. ചത്ത മൃഗത്തെക്കാൾ മോശമായിത്തീരുന്നു. അതിന്റെ തൊലിയും എല്ലുകളുമെങ്കിലും പ്രയോജനപ്പെടുന്നതാണ്. അവന്റേതാണെങ്കിൽ തൊലിയും പ്രയോജനപ്പെടുകയില്ല. ഇത് ഏതു സ്ഥാനമാണെന്ന് പറഞ്ഞാൽ, അവിടെ മനുഷ്യൻ ബൽഹും അളല്ലു(അവയെക്കാളും വഴിപിഴച്ചവർ)വിന്റെ സാക്ഷാക്കാരമായിത്തീരുന്നു. അതുകൊണ്ട് ഓർമിക്കുക, സ്വഭാവം നന്നാക്കിത്തീർക്കുക എന്നത് വളരെ നിർബന്ധമായ കാര്യമാണ്. കാരണം നന്മകളുടെ മാതാവ് സൽസ്വഭാവംതന്നെയാണ്.

നന്മയുടെ ആദ്യത്തെ ദർജ, അവിടെനിന്നാണ് മനുഷ്യൻ ശക്തി പ്രാപിക്കുന്നത്. രണ്ടു പദങ്ങളുണ്ട്, ഒന്ന് ഖൽഖ് രണ്ടാമത്തേത് ഖുൽഖ്. ബാഹ്യമായ സൃഷ്ടിപ്പിന്റെ പേരാണ് ഖൽഖ്; ഖുൽഖ് ആന്തരികമായ സൃഷ്ടിപ്പിന്റെയും. ബാഹ്യമായി ചിലർ സൗന്ദര്യമുള്ളവരും ചിലർ വളരെ വിരൂപരുമായിരിക്കുന്നതുപോലെ. ഇതേ രീതിയിൽ ചിലർ ആന്തരികമായ സൃഷ്ടിപ്പിൽ അങ്ങേയറ്റം സൗന്ദര്യവാനും പ്രിയപ്പെട്ടവനുമായിരിക്കും. ചിലർ ആന്തരികമായി കുഷ്ഠരോഗിയെപ്പോലെ വെറുക്കപ്പെട്ടവനായിരിക്കും. പക്ഷേ, ബാഹ്യമായ രൂപം കാണാൻ കഴിയുന്നതുകൊണ്ട് ഓരോ വ്യക്തിയും കണ്ടുടനെ തിരിച്ചറിയുന്നു. സൗന്ദര്യത്തെ ഇഷ്ടപ്പെടുന്നു. വിരൂപനേയും ദുർമാർഗിയേയും ഇഷ്ടപ്പെടുന്നില്ല. എന്നാൽ, അവനെ കാണുന്നതുകൊണ്ട് അവനെ ഇഷ്ടപ്പെടുന്നു. ഖുൽഖിനെ കണ്ടിട്ടില്ല. അതിനാൽ അതിന്റെ വിശേഷഗുണത്തിൽ അപരിചിതനായകൊണ്ട് ഇഷ്ടപ്പെടുന്നില്ല. ഒരു അന്ധനെ സംബന്ധിച്ചിടത്തോളം സൗന്ദര്യതയും വിരൂപതയും രണ്ടും ഒരുപോലെയാണ്. ഇതുപോലെ ദൃഷ്ടി ഉൾഭാഗംവരെ എത്താത്ത മനുഷ്യൻ ആ അന്ധനെപ്പോലെതന്നെയാണ്. ഖൽഖ് എന്നു പറയുന്നത് ഒരു വ്യക്തമായ കാര്യമാണ്. എന്നാൽ, ഖുൽഖ് എന്നത് ഒരു സൂക്ഷ്മപരമായ പ്രശ്നമാണ്. ധാർമികപരമായ തിന്മകളും അവയുടെ ശാപവും അറിയുകയാണെങ്കിൽ യാഥാർഥ്യം മനസ്സിലാകുന്നതാണ്. ചുരുക്കത്തിൽ ധാർമികപരമായ സൗന്ദര്യം എന്നതിനെ യഥാർഥ സൗന്ദര്യമെന്നു പറയേണ്ടതാണ്. ഇതു തിരിച്ചറിയുന്നവർ നന്നേ കുറവാണ്. സൽസ്വഭാവം നന്മകളുടെ താക്കോലാണ്. തോട്ടത്തിന്റെ കവാടങ്ങളിൽ പൂട്ടുപോലെ! ദൂരെനിന്ന് പുഷ്പങ്ങളും ഫലങ്ങളും കാണാൻ കഴിയും. എന്നാൽ, ഉള്ളിൽ കയറാൻ കഴിയുകയില്ല. എന്നാൽ, പൂട്ട് തുറക്കുകയാണെങ്കിൽ ഉള്ളിൽച്ചെന്ന് എല്ലാ യഥാർഥ്യങ്ങളും മനസ്സിലാകുന്നതാണ്. മനസ്സിലും ബുദ്ധിയിലും ഒരു സന്തോഷവും നവോന്മേഷവും വരുന്നതാണ്. സൽസ്വഭാവങ്ങൾ കരസ്ഥമാക്കുകയെന്നത് ആ പൂട്ട് തുറന്ന് അകത്തു പ്രവേശിക്കുകയാണ്.(മൽഫൂദാത്ത് വാല്യം 1, പേജ് 481, പ്രസാധനം 2018 ഖാദിയാൻ)

**ക്രൈസ്തവ ജനതയുടെ തുടക്കം ഇങ്ങനെയാണുണ്ടായിരുന്നത്. അവർ ബിംബാരാധനയ്ക്കെതിരെ ജിഹാദ് ചെയ്തിരുന്നു. അന്യാരാധനയിൽനിന്ന് രക്ഷപ്പെടുന്നതിന് നൂറ്റാണ്ടുകളോളം അവർ വലിയ ത്യാഗങ്ങളാണ് ചെയ്തിരുന്നത്. പക്ഷേ, പര്യവസാനമുണ്ടായത് യഥാർഥ മതത്തിന്റെ ഒരു അടയാളം പോലും ഇപ്പോൾ ക്രൈസ്തവരിലില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)അസ്ഹാബുൽ കഹ്ഫ് അഥവാ ഗുഹാവാസികളുടെ വ്യാഖ്യാനത്തിൽ പറയുന്നു:കഹ്ഫിനെ സംബന്ധിച്ച് ഹ്രസ്വമായി ചില സംഭവങ്ങൾ പറയുകയാണ്. ഞാൻ വിവരിച്ചുകഴിഞ്ഞതുപോലെ കഹ്ഫുകൊണ്ടുള്ള ഉദ്ദേശ്യം(ഇമമേരീയാ) കാറ്റകോംസാണ്. ഗുഹകളിൽ വസിച്ചിരുന്നവർ. ജഡങ്ങൾ മുറികളിൽ വെക്കുക എന്നത് റോമക്കാരിലും യഹൂദരിലുമുണ്ടായിരുന്ന സമ്പ്രദായമായിരുന്നു. റോമൻ ഭരണകൂടത്തിന്റെ വലിയ വലിയ നഗരങ്ങളിലും നഗരങ്ങളുടെ പുറത്തും കാറ്റകോംസ് എന്ന് പറയപ്പെട്ടിരുന്ന അത്തരം സ്ഥലങ്ങൾ അവരുണ്ടാക്കിയിരുന്നു. ക്രിസ്ത്യാനികളുടെമേൽ അക്രമമുണ്ടായപ്പോൾ അവർ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ഈ ശ്മശാനങ്ങളിൽ അഭയം പ്രാപിക്കാൻ തുടങ്ങി. ഇതിനു രണ്ടുകാരണങ്ങളാണ് മനസ്സിലാകുന്നത്. ഒന്നാമത്തേത് ഗുഹകളിൽ അവർക്ക് സുഗമമായി ഒളിച്ചിരിക്കാമായിരുന്നു. ഇരിക്കാനും ഉറങ്ങാനും കാലാവസ്ഥ കെടുതികളിൽനിന്ന് സുരക്ഷിതമായിരിക്കാനുമുള്ള സൗകര്യം

(ശേഷം പേജ് 12ൽ)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ, 'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം, അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**

## ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 2023 സെപ്റ്റംബർ01 (സമ്പൂർണ തർജമ)

മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ബയ്അത്തിനോടുള്ള കടമ നിറവേറ്റുകയെന്നത് നിസ്സാരകാര്യമല്ല. നമ്മളെപ്പോഴും അല്ലാഹുവിന്റെ കല്പനകൾക്ക് വിധേയരായി നടക്കാൻ ശ്രമിക്കുമ്പോഴാണ് അത് നിറവേറ്റപ്പെടുക.**

**ജൽസാസാലാനയിൽ പങ്കെടുക്കുന്നതിന്റെ ഒരു വലിയ ഉദ്ദേശ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ ചേർന്നിട്ടുള്ളവർ മതപരമായ അറിവ് കരസ്ഥമാക്കുകയും റൂഹാനിയ്യത്തിൽ അഭിവൃദ്ധിപ്പെടുകയും അല്ലാഹുവിനോടുള്ള ബന്ധത്തിലും സ്നേഹത്തിലും മുന്നേറുകയും നബി(സ)തിരുമേനിയെ പൂർണമായും പിന്തുടരുകയും നബി(സ)തിരുമേനിയോടു സ്നേഹബന്ധമുണ്ടാകുകയും ദുൻയാവിനോടുള്ള സ്നേഹം തണുക്കുകയും**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ആഗ്രഹിച്ചതുപോലെ ആത്മാർഥരായ ആളുകളിൽ ഉൾപ്പെടാൻ നമ്മൾ നമ്മുടെ ആത്മീയാവസ്ഥകളെ നന്നാക്കുന്നതോടൊപ്പം നമ്മുടെ കുട്ടികളെ ഇസ്‌ലാം ദീനുമായി ബന്ധിപ്പിച്ചു നിറുത്താൻ പ്രത്യേകമായി പരിശ്രമിച്ചിട്ടുണ്ടോ? അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അത് നൂറ്റാണ്ടു പൂർത്തിയാകുന്ന ഈ വേളയിൽ നമ്മുടെ യഥാർഥമായ നന്ദി പ്രകടനമായിരിക്കും. ഒരു അഹ്മദിയിൽനിന്ന് പ്രതീക്ഷിക്കുന്നതും ഇതുതന്നെയാണ്. അങ്ങനെയല്ലെങ്കിൽ കേവലം ഭൗതികമായ ആചാരങ്ങളനുസരിച്ച് ഒരുനൂറ്റാണ്ടു പൂർത്തിയാകുന്ന ഈ വേളയിലുള്ള സന്തോഷപ്രകടനം നിഷ്പ്രയോജനമായിരിക്കും.**

**എല്ലാ കാര്യങ്ങളിലും ദീനിനെ മുന്തിക്കുക. ദുൻയാവായിരിക്കരുത് ആത്യന്തിമായ ലക്ഷ്യം. യഥാർഥ ലക്ഷ്യം ദീനായിരിക്കണം. പിന്നീട് ദുൻയാവിന്റെ ജോലിയും ദീനിന്റേതു തന്നെയായിരിക്കും.**

**വിജ്ഞാനത്തിൽ അഭിവൃദ്ധി കാംക്ഷിക്കുന്നവൻ വിശുദ്ധ ഖുർആൻ ചിന്തിച്ച് പാരായണം ചെയ്യേണ്ടതാണ്.**

**അതുകൊണ്ട് നമ്മൾ ആത്മപരിശോധന നടത്തേണ്ടതാണ്. ചിന്തിച്ച് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നവർ എത്രപേരുണ്ട്. അതു ഓതുന്നവർ എത്രപേരുണ്ട്. അതനുസരിച്ച് കർമങ്ങൾ ചെയ്യാൻ ശ്രമിക്കുന്നവർ എത്രപേരുണ്ട്?**

**ഓരോ അഹ്മദിയും പൂർണമായ ആത്മവിശ്വാസത്തോടെ വിശുദ്ധ ഖുർആൻ ഉപയോഗിക്കേണ്ടതാണ്. ഇതു നമ്മുടെ തർബിയ്യത്തിനു മാർഗദർശനം നല്കുന്നതുപോലെതന്നെ അന്യരുടെ ആക്ഷേപങ്ങൾക്ക് മറുപടി നൽകാനും ഒരുഗ്രൻ ആയുധമാകുന്നു.**

**തന്റെ നമസ്കാരത്തിന്റെ അവസ്ഥ എങ്ങനെയുള്ളതാണെന്ന് ഓരോ അഹ്മദിയും ആത്മപരിശോധന നടത്തേണ്ടതാണ്. നമ്മുടെ ഈ അവസ്ഥ നല്ലതാണെങ്കിൽ നമുക്ക് അല്ലാഹുവുമായി ബന്ധമുണ്ടെങ്കിൽ പിന്നീട് നമുക്ക് യഥാർഥ സന്തോഷം ലഭിക്കുന്നതാണ്.**

**നമ്മൾ മതപരമായ അറിവിൽ ശ്രദ്ധചെലുത്തുകയാണെങ്കിൽ ദൈവാസ്തികൃത്തിലുള്ള ഈമാനിലും ഇസ്‌ലാം-അഹ്മദിയ്യത്ത് സത്യമാണെന്നുള്ള വിശ്വാസത്തിലും അഭിവൃദ്ധിപ്രാപിക്കുന്നതായിരിക്കും നമ്മുടെ കുട്ടികളുടെ ഈമാനും സംരക്ഷിക്കുന്നവരായിരിക്കും.**

**ആരാണോ എന്നെ നിഷേധിച്ചത് എനിക്കെതിരിൽ ആക്ഷേപം ഉന്നയിച്ചത് അവരെന്നെ തിരിച്ചറിഞ്ഞില്ല. ആരാണോ എന്നെ വിശ്വസിക്കുകയും പിന്നീട് ആക്ഷേപിക്കുകയും ചെയ്യുന്നത് അവൻ ദൗർഭാഗ്യനാണ്. കണ്ടതിനുശേഷം അന്ധനായിപ്പോയി. യഥാർഥ കാര്യമിതാണ്. ആ കാർമേഘവും പദവി കുറച്ചു കളയുന്നു.**

**"എന്റെ വരവിന്റെ യഥാർഥ ഉദ്ദേശ്യവും ലക്ഷ്യവും തൗഹീദ്,അഖ്‌ലാഖ്, റൂഹാനിയ്യത്ത് എന്നിവയെ വ്യാപിപ്പിക്കലാണ്."നമ്മൾ മസ്ജിദ് നിർമിക്കുമ്പോൾ അത് ജനനിബിഡമാക്കി വെക്കാനും ചിന്തിക്കേണ്ടതാണ്.**

**ഉൽക്കൃഷ്ടസ്വഭാവത്തിന്റെ പ്രകടനം പരസ്പരമുള്ള ബന്ധങ്ങളിലുമുണ്ടാകേണ്ടതാണ്**

**അടുത്ത നൂറ്റാണ്ടിലെ ടാർഗറ്റ് ഈ ഹ്രസ്വമായ പ്രവർത്തനരൂപരേഖയാണ്. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാർഗനിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ വിവരിച്ചതാണ്. നമ്മൾ ലോകത്തെ ജയിച്ചടക്കുമെന്ന വാദവുമായി എഴുന്നേറ്റതാണ്. ഈ ലോകത്തെ അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്നവരാക്കണം. ലോകത്തെ നബി(സ) തിരുമേനിയുടെ കാൽച്ചുവട്ടിൽ കൊണ്ടിടണം. അതു സംബന്ധമായി നമ്മളിലോരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്. ഒരു പുതിയദൃഢനിശ്ചയത്തോടെ ജർമനീ അഹ്മദിയ്യ ജമാഅത്തിന് പുതിയനൂറ്റാണ്ടിൽ പ്രവേശിക്കേണ്ടതുണ്ട്. നമ്മൾ ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചുകൊണ്ട് ഈ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിന് പൂർണമായ ശ്രമം നടത്തേണ്ടതാണ്. നമ്മുടെ മക്കളേയും തലമുറകളേയും ഇതുപദേശിച്ചുകൊണ്ടിരിക്കേണ്ടതാണ്. അവർക്ക് ഇപ്രകാരം ശിക്ഷണം നല്കുകയാണെങ്കിൽ, അല്ലാഹുവുമായിട്ടുള്ള ബന്ധത്തിന്റെ ഈ ഉണർവ് ഒരു തലമുറയിൽനിന്ന് മറ്റൊരു തലമുറയിലേക്ക് കൊളുത്തിക്കൊണ്ടു പോകണം. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.**

### ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിജ്ഞാനഭരിതമായ മാർഗനിർദേശങ്ങളുടെ വെളിച്ചത്തിൽ ജൽസാസാലാനയിൽ പങ്കെടുക്കുന്നതിന്റെ ഉദ്ദേശ്യവും ജർമനി അഹ്മദിയ്യ ജമാഅത്തിന് പുതിയ നൂറ്റാണ്ടിന്റെ ടാർഗറ്റും

**ഖുത്ബ ജുമുഅ 2023 സെപ്റ്റംബർ 01/1402 തബൂക്ക് 01**
**ജൽസാ ഗാഹ്, ജർമനി**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അൽഹംദുലില്ലാഹ്! ഇന്ന് ജർമനി അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ജൽസാസാലാന നാലു വർഷത്തെ തടസ്സത്തിനുശേഷം വളരെ വിപുലമായ രീതിയിൽ സംഘടിപ്പിക്കുകയാണ്. അല്ലാഹു ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരേയും ജൽസയുടെ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നവരാക്കി മാറ്റുമാറാകട്ടെ. അല്ലാഹു നമുക്ക് വീണ്ടും ഒരുമിച്ചുകൂടുവാൻ അവസരം തന്നിരിക്കുന്നുവെന്നും അങ്ങനെ പരസ്പരം കണ്ടുമുട്ടാമെന്നും സദസ്സുകൾ കൂടാമെന്നും കരുതി സന്തോഷിക്കരുത്. പ്രത്യുത ജൽസ സംഘടിപ്പിക്കുന്നതിന്റെ വളരെ വലിയൊരു ലക്ഷ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)നമുക്ക് പറഞ്ഞുതരികയും വളരെ വേദനയോടെ അതു പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതായത് ആ മഹാത്മാവിന്റെ ബയ്അത്തിൽ

ഉൾപ്പെട്ടവർ ദീനീപരമായ അറിവ് ആർജിക്കുന്നവരും ആത്മീയമായ പുരോഗതി കരസ്ഥമാക്കുന്നവരായിത്തീരുന്നവരും അല്ലാഹുവുമായിട്ടുള്ള ബന്ധത്തിലും സ്നേഹത്തിലും അഭിവൃദ്ധിപ്പെടുന്നവരും നബി(സ)തിരുമേനിയെ പരിപൂർണമായും പിൻപറ്റുന്നവരും നബി(സ)തിരുമേനിയോടു സ്നേഹപരമായ ബന്ധം പുലർത്തുന്നവരുമായിത്തീരണം. ഭൗതികതയോടുള്ള സ്നേഹം തണുക്കുകയും ദീനിനെ മുന്തിക്കുകയും വേണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു അവസരത്തിൽ പറഞ്ഞു:'ഈ വിനീതനുമായി ബയ്അത്ത് ശൃംഖലയിൽ ഉൾപ്പെട്ടിട്ടുള്ള ആത്മാർഥരായ ആളുകൾ അറിഞ്ഞുകൊള്ളട്ടെ, ബയ്അത്ത് ചെയ്യുന്നതിന്റെ ഉദ്ദേശ്യം ഭൗതികതയോടുള്ള സ്നേഹം തണുക്കുകയും തന്റെ രക്ഷിതാവിനോടും നബി(സ)തിരുമേനിയോടുമുള്ള സ്നേഹം അതിജയിച്ചു നിൽക്കുകയും ചെയ്യുക എന്നതാകുന്നു.'(ആസ്മാനീ ഫയ്സല, റൂഹാനീ ഖസാഇൻ വാല്യം 4, പേജ് 351).

അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്തു വരുന്നവരുടെ ആദ്യശ്രമം ആത്മാർഥരായ ആളുകളിൽ ഉൾപ്പെടുന്നതിനുവേണ്ടിയായിരിക്കണം. അവർക്കുമേൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും സ്നേഹമായിരിക്കും അതിജയിച്ചു നിൽക്കുക. നമ്മുടെ എല്ലാ വാക്കിലും പ്രവർത്തിയിലും അത് പ്രകടമാകുന്നതുമാകണം.

ഈ വർഷം അഹ്മദിയ്യ ജമാഅത്ത് ജർമനിയെ സംബന്ധിച്ചിടത്തോളം ഇവിടെ ജമാഅത്ത് സ്ഥാപിതമായിട്ട് നൂറുവർഷം തികഞ്ഞിരിക്കുന്നു. ഈ വർഷം ജമാഅത്ത് ഇവിടെ സ്ഥാപിതമായിട്ട് നൂറുവർഷമായ വേളയിലാണ് തങ്ങൾ ജൽസ സംഘടിപ്പിക്കുന്നതെന്നും ഇത് ജമാഅത്തിന്റെ സ്ഥാപനത്തിന്റെ നൂറാം വർഷത്തെ ജൽസയാണെന്നുമുള്ള കാര്യത്തിൽ ജർമൻ ജമാഅത്തിലെ അംഗങ്ങൾ ആവേശത്തിലാണ്. അവരതിൽ സന്തോഷിക്കുകയും ചെയ്യുന്നു. എന്നല്ല വളരെയധികമാളുകൾ അത് പ്രകടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇന്നേക്ക് നൂറുവർഷം മുമ്പേ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേനയുള്ള ഇസ്‌ലാമിന്റെ സുന്ദരമായ സന്ദേശം, ആ മഹാത്മാവിന്റെ ജീവിതകാലത്തുതന്നെ ഈ നാട്ടിലെത്തിയെന്നത് തീർച്ചയായും സന്തോഷപ്രദമായ കാര്യമാണ്. അതിനാൽ സന്ദേശമെത്തിയിട്ട് നൂറു വർഷത്തിലേറെയായിരിക്കുന്നു. എന്നാൽ, അതിനോടൊപ്പം ഈ നൂറുവർഷത്തിൽ നമ്മളെന്താണ് കൈവരിച്ചതെന്ന് നോക്കുകയും ചിന്തിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. നമ്മൾ നമ്മുടെ വിശ്വാസത്തെ എത്രമാത്രം സംരക്ഷിച്ചിട്ടുണ്ട്?

ഇവിടെ ജമാഅത്ത് ആരംഭിച്ചപ്പോൾ ഏതാനമാളുകളാണുണ്ടായിരുന്നത്. പിന്നീട് പാക്കിസ്താന്റേയും ലോകത്തിന്റേയും അവസ്ഥകൾ മാറി. അങ്ങനെ നിരവധിയാളുകൾ ഈ നാട്ടിൽവന്ന് പാർക്കാൻ തുടങ്ങി. അവരെല്ലാം ഇവിടെ വന്നത് അഹ്മദിയായ കാരണത്താൽ മാത്രമാണ്. അഹ്മദിയായതുകൊണ്ട് സ്വന്തംനാട്ടിൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അധ്യാപനങ്ങൾ നടപ്പിൽ വരുത്താനും പരസ്യമായി അതു പ്രകടിപ്പിക്കാനും അവർക്ക് വിലക്കുകളുണ്ടായിരുന്നു. ആയതിനാൽ ഇവിടെ വന്നപ്പോൾ അവർക്ക് മത സ്വാതന്ത്ര്യം ലഭിക്കുകയും പരസ്യമായ നിലയിൽ തങ്ങളുടെ മതാധ്യാപനങ്ങൾ നടപ്പിൽ വരുത്താൻ കഴിയുകയും ചെയ്തിരിക്കെ അവർ പ്രത്യേകമായ പരിശ്രമത്തോടെ തങ്ങളുടെ അവസ്ഥകളിൽ പരിശുദ്ധമാറ്റം വരുത്തിക്കൊണ്ട് അതിൽ അടിയുറച്ചു നിൽക്കാൻ ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിനോടു ആവശ്യപ്പെട്ടതും അതുതന്നെ. ആ പരിശ്രമങ്ങൾ നമ്മൾ ചെയ്തിട്ടുണ്ടോ?

ഹദ്റത്ത് മസീഹ് മൗഊദ്(അ)ആഗ്രഹിച്ചതുപോലെ ആത്മാർഥരായ ആളുകളിൽ ഉൾപ്പെടാൻ നമ്മൾ നമ്മുടെ ആത്മീയാവസ്ഥകളെ നന്നാക്കുന്നതോടൊപ്പം നമ്മുടെ കുട്ടികളെ ഇസ്‌ലാം ദീനുമായി ബന്ധിപ്പിച്ചു നിറുത്താൻ പ്രത്യേകമായി പരിശ്രമിച്ചിട്ടുണ്ടോ? അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അത് നൂറ്റാണ്ടുപൂർത്തിയാകുന്ന ഈ വേളയിൽ നമ്മുടെ യഥാർഥമായ നന്ദി പ്രകടനമായിരിക്കും. ഒരു അഹ്മദിയിൽനിന്ന് പ്രതീക്ഷിക്കുന്നതും ഇതുതന്നെയാണ്. അങ്ങനെയല്ലെങ്കിൽ കേവലം ഭൗതികമായ ആചാരങ്ങളനുസരിച്ച് ഒരുനൂറ്റാണ്ടു പൂർത്തിയാകുന്ന ഈ വേളയിലുള്ള സന്തോഷ പ്രകടനം നിഷ്പ്രയോജനമായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നിരവധിതവണ തന്റെ ബയ്അത്തിൽ ഉൾപ്പെടുന്നവർക്കുള്ളിൽ പരിശുദ്ധവും വിപ്ലാവാത്മകവുമായ മാറ്റം വരുത്തുന്നതിന് രൂപരേഖ നല്കയിട്ടുണ്ട്. അവർക്ക് ഉപദേശങ്ങൾ നല്കിയിട്ടുണ്ട്. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്ന നമ്മൾ യഥാർഥമായും ആത്മാർഥതയുള്ളവരിൽപ്പെട്ടവരാണെങ്കിൽ അക്കാര്യങ്ങൾ എപ്പോഴും അയവിറക്കിക്കൊണ്ടിരിക്കേണ്ടതാണ്. മാത്രമല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നതിന്റെ ഉദ്ദേശ്യം നമ്മൾ എത്രത്തോളം പൂർത്തിയാക്കിയെന്നതിൽ നമ്മുടെ വാക്കുകളേയും പ്രവർത്തികളേയും താരതമ്യം ചെയ്ത് നോക്കേണ്ടതുമാണ്. നമ്മൾ ഈ വികസിത രാജ്യത്ത് വന്നതിനുശേഷം നമ്മുടെ ഉദ്ദേശ്യങ്ങൾ വിസ്മരിച്ചിട്ടുണ്ടോ? ഭൗതികതയുടെ കണ്ണഞ്ചിപ്പിക്കുന്ന ലോകം നമ്മുടെ ബയ്അത്തിന്റെ ലക്ഷ്യത്തെ വിസ്മരിപ്പിക്കുന്നുണ്ടോ? അത് വിസ്മരിപ്പിക്കുന്നുണ്ടെങ്കിൽ ഈ ശതാബ്ദി ആഘോഷം വ്യർഥമാണ്.

നമ്മുടെ ലക്ഷ്യത്തിലേക്ക് മാർഗദർശനം നല്കുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ നിങ്ങൾക്കുമുമ്പിൽ സമർപിക്കാം.

ഏറ്റവുമാദ്യം ബയ്അത്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്താണ് പ്രതീക്ഷിക്കുന്നതെന്ന ആ മഹാത്മാവിന്റെ പാഠങ്ങൾ കേൾപ്പിക്കാം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'ബയ്അത്ത് ചെയ്യുന്നതുകൊണ്ടുമാത്രം അല്ലാഹു സംതൃപ്തനാകുമെന്ന് കരുതണ്ട. ഇത് വെറും പുറന്തോടാണ്.' പുറന്തൊലിയാണ്. 'കാമ്പുള്ളത് അതിനുള്ളിലാണ്. അധികം പ്രകൃതി നിയമങ്ങളും ഇതുതന്നെയാണ്. അതായത് ഒരു തോലാണ്. കാമ്പ് അതിനുള്ളിലായിരിക്കുമുണ്ടാകുക. തൊലി എന്തെങ്കിലും പ്രയോജനപ്പെടുന്ന സാധനമല്ല. കാമ്പുതന്നെയാണ് എടുക്കപ്പെടുന്നത്. ചില സാധനങ്ങളുണ്ട്. അതിനുള്ളിൽ കാമ്പു തന്നെ ഉണ്ടാകുന്നില്ല. കോഴിയുടെ വായുനിറഞ്ഞ മുട്ടകൾപോലെ. അതിൽ മഞ്ഞക്കരുവോ വെള്ളക്കരുവോ ഉണ്ടാകുകയില്ല. അത് ഒന്നിനും ഉപയോഗിക്കാൻ പറ്റുകയില്ല. പാഴ്‌വസ്തുപോലെ വലിച്ചെറിയപ്പെടുന്നു. അതേ! ഒന്നുരണ്ടു മിനുറ്റ് നേരത്തേക്ക് ഏതെങ്കിലും കുട്ടിയ്ക്ക് കളിവസ്തു ആയേക്കാം. ഇതുപോലെയാണ് ബയ്അത്തിന്റേയും ഈമാനിന്റേയും വാദം പുറപ്പെടുവിക്കുന്ന മനുഷ്യൻ, അയാൾ അതു രണ്ടിന്റേയും കാമ്പ് ഉൾക്കൊള്ളുന്ന ആളല്ലെങ്കിൽ അവൻ ഭയപ്പെടേണ്ടതാണ്. കാരണം വായുനിറഞ്ഞ ആ മുട്ടപോലെ ചെറിയൊരു തട്ടുകൊണ്ട് തരിപ്പണമായിപ്പോകുകയും വലിച്ചെറിയപ്പെടുകയും ചെയ്യുന്ന ഒരുസമയം അവന് വരുന്നുണ്ട്. ആരാണോ പിന്നിലേക്കു പോകുന്നത് ജമാഅത്തുമായി അവന്റെ അവസ്ഥ ഇതുതന്നെയാണ്. ഇപ്രകാരംതന്നെ പറഞ്ഞു:'ആരാണോ ബയ്അത്തിന്റേയും ഈമാനിന്റേയും വാദമുന്നയിക്കുന്നത് അവൻ താൻ തൊലിമാത്രമാണോ അതോ കാമ്പോ? എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്.

'കാമ്പുണ്ടാകാത്തിടത്തോളം ഈമാനും, മുഹബ്ബത്തും ബയ്അത്തും ആദർശവും ഇസ്‌ലാമിന്റെ അനുയായിയാണെന്നുമുള്ള വാദമുന്നയിക്കുന്നവൻ തന്റെ വാദത്തിൽ സത്യസന്ധനല്ല. അല്ലാഹുവിന്റെ സവിധത്തിൽ അകക്കാമ്പിനല്ലാതെ പുറന്തോടിന് ഒരു വിലയുമില്ല.

നല്ലവണ്ണം ഓർത്തുകൊള്ളുക! മരണം എപ്പോൾ വരുമെന്നറിയില്ല. എന്നാൽ മരിക്കേണ്ടി വരുമെന്നുള്ള കാര്യം ഉറപ്പാണ്. അതിനാൽ വെറും വാദങ്ങളിലൊരിക്കലും തൃപ്തിപ്പെടുകയും സന്തോഷിക്കുകും ചെയ്യരുത്. അതൊരിക്കലും പ്രയോജനപ്രദമായ കാര്യമല്ല. മനുഷ്യൻ തന്നിൽ നിരവധി മരണങ്ങൾ വരിക്കുകയും വളരെയേറെ വിപ്ലവകരമായ മാറ്റങ്ങളിലൂടെ കടന്നു വരികയും ചെയ്യാത്തിടത്തോളം മനുഷ്യത്വത്തിന്റെ യഥാർഥ ഉദ്ദേശ്യം പ്രാപിക്കാൻ കഴിയില്ല.'(മൽഫൂദാത്ത് വാല്യം 2, പേജ് 167, 1984 പതിപ്പ്)

ചുരുക്കത്തിൽ ബയ്അത്തിന്റെ കടമ നിറവേറ്റുക എന്നത് നിസ്സാരകാര്യമല്ല. നമ്മളെപ്പോഴും ദൈവകല്പനകൾക്ക് വിധേയമായി ചലിക്കാൻ ശ്രമിക്കുമ്പോൾ മാത്രമെ ഇതു സാധ്യമാകുകയുള്ളു. ഭൗതികാനാന്ദങ്ങൾ അകറ്റിയാൽ മാത്രമെ ഒരാൾക്ക് ഈ സ്ഥാനം കരസ്ഥമാക്കാൻ കഴിയുകയുള്ളു. ഈ ലോകത്തു താമസിച്ചുകൊണ്ട് ദീനിനെ മുന്തിക്കുന്നതാണ് യഥാർഥ ജിഹാദ്. അതിനാണ് നമ്മൾ പരിശ്രമിക്കേണ്ടത്.

ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കണം. ഭൗതികലോകത്തെ പൂർണമായും ഉപേക്ഷിക്കേണ്ടതുണ്ടോ? ഇതു വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'മുസ്‌ലിമീങ്ങൾ അലസരാകണമെന്നുള്ളതല്ല എന്റെ ഉദ്ദേശ്യം. ഇസ്‌ലാം ആരേയും അലസരാക്കുന്നില്ല. തങ്ങളുടെ കച്ചവടങ്ങളിലും ഉദ്യോഗങ്ങളിലും വ്യാപൃതരാകേണ്ടതുമാണ്. പക്ഷേ, അവരുടെ ഏതെങ്കിലും സമയം ദൈവത്തിൽനിന്നു ഒഴിഞ്ഞിരിക്കുന്നതിനെ ഞാനിഷ്ടപ്പെടുന്നില്ല. അതേ! കച്ചവടത്തിന്റെ നേരത്ത് കച്ചവടം ചെയ്യുക. ആ നേരത്തും അല്ലാഹുവിനോടുള്ള ഭയം മുന്നിലുണ്ടാകണം. അങ്ങനെ ആ കച്ചവടവും ഇബാദത്തിന്റെ നിറം കൈവരിക്കുന്നതാണ്. നമസ്കാരത്തിന്റെ നേരത്ത് നമസ്കാരം ഒഴിവാക്കരുത്. ഏതു കാര്യമാണെങ്കിലും ദീനിനെ മുന്തിക്കുക. ഭൗതികത തങ്ങളുടെ ആത്യന്തിക ലക്ഷ്യമാകരുത്. യഥാർഥ ലക്ഷ്യം ദീൻ ആകണം. അങ്ങനെയായാൽ ഭൗതികമായ കാര്യങ്ങളും ദീനീപരമാകുന്നതാണ്.

ആദരണീയരായ സ്വഹാബത്തിനെ നോക്കുവിൻ. അവർ വളരെ ദുഷ്കരമായ ഘട്ടത്തിൽ പോലും അല്ലാഹുവിനെ വിട്ടു കളഞ്ഞില്ല. യുദ്ധത്തിന്റേയും വാളിന്റേയും അവസ്ഥയെപറ്റി ചിന്തിക്കുമ്പോൾ ത്തന്നെ മനുഷ്യൻ വല്ലാതെ ഭയന്നുപോകുന്നു. അത് ആവേശത്തിന്റേയും ലക്ഷ്യത്തിന്റേയും അവസ്ഥയാകുന്നു. അത്തരം ഘട്ടത്തിലും അവർ അല്ലാഹുവിൽനിന്ന് അശ്രദ്ധരായില്ല. നമസ്കാരങ്ങൾ ഉപേക്ഷിച്ചില്ല. ദുആകൾ പ്രയോജനപ്പെടുത്തുകയും ചെയ്തു. എന്നാൽ ദൗർഭാഗ്യവശാൽ ഇന്ന് എല്ലാ ഭാഗത്തുനിന്നും ശക്തി ചെലുത്തുന്നുണ്ട്. വലിയ വലിയ പ്രഭാഷണങ്ങൾ നടത്തുന്നുണ്ട്. മുസ്‌ലിമീങ്ങൾക്ക് അഭിവൃദ്ധിയുണ്ടാകാൻ ജൽസകൾ സംഘടിപ്പിക്കുന്നുണ്ട്. പക്ഷേ, അല്ലാഹുവിൽനിന്ന് പൂർണമായും അശ്രദ്ധയിലാണ്. അറിയാതെപോലും അവനിലേക്ക് ശ്രദ്ധിക്കുന്നില്ല. ഇതാണ് പൊതുവിൽ മുസ്‌ലിമീങ്ങളുടെ അവസ്ഥ. എന്നിരിക്കെ ഇത്തരം ഒരു അവസ്ഥയിൽ അവരുടെ പരിശ്രമങ്ങൾ പൂവണിയുമെന്നതിൽ എന്ത് പ്രതീക്ഷയാണുള്ളത്? അവരുടേതെല്ലാം ഭൗതികമായി കഴിഞ്ഞിരിക്കുകയാണ്. ഓർക്കുക!

ലാഇലാഹ ഇല്ലല്ലാഹ് ഹൃദയാന്തരങ്ങളിൽ പ്രയോഗിക്കാത്തിടത്തോളം തന്റെ അസ്തിത്വത്തിന്റെ സകല കണങ്ങളിലും ഇസ്‌ലാമിന്റെ പ്രകാശവും ആധിപത്യവും ഉണ്ടാകാത്തിടത്തോളം ഒരിക്കലും അഭിവൃദ്ധി ഉണ്ടാകുന്നതല്ല. ഇതു വിധിച്ചുപോയ കാര്യമാകുന്നു. ഇനി നിങ്ങൾ പാശ്ചാത്യ സമൂഹങ്ങൾ പുരോഗതി പ്രാപിക്കുന്നുവെന്ന ഉദാഹരണമാണ് കാണിക്കുന്നതെങ്കിൽ അവർക്കുള്ള കാര്യം മറ്റൊന്നാണെന്നറിയുക. നിങ്ങൾക്ക് ഗ്രന്ഥം നല്കപ്പെട്ടിരിക്കുന്നു. നിങ്ങൾക്കുമേൽ ന്യായപൂർത്തിവരുത്തിയിരിക്കുന്നു. അവരോടുള്ള സമീപനത്തിന്റേയും പിടിത്തത്തിന്റേയും സ്ഥിതി വേറെതന്നെയാകുന്നു. ഏതൊരു കാര്യത്തിൽ അവരെ പിടികൂടിയാലും എപ്പോൾ പിടിച്ചാലും അവർ അല്ലാഹുവിന് മറുപടി നല്കേണ്ടിവരും. തീർച്ചയായും അങ്ങനെതന്നെയാണുള്ളത്. അത് അവർക്ക് ഈ ലോകത്തുവച്ചോ മരണശേഷമോ ആകാം. എന്നാൽ, നമ്മൾ വിശ്വസിച്ചുവെന്ന് വാദിക്കുകയും അതനുസരിച്ച് കർമങ്ങളില്ലാതിരിക്കുകയുമാണെങ്കിൽ നമ്മുടെ കണക്കെടുപ്പ് ഈ ലോകത്തുതന്നെ ആരംഭിച്ചേക്കാം. ഇതു വളരെ ആശങ്കാജനകമായ കാര്യമാകുന്നു. നിങ്ങൾ അല്ലാഹുവിന്റെ ഗ്രന്ഥത്തെ ഉപേക്ഷിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഈ ലോകത്തുതന്നെ നരകം തയ്യാറാണ്.

എല്ലാ നഗരത്തിലും മുസ്‌ലിമീങ്ങളുടെ ഉന്നമനത്തിനുവേണ്ടി സംഘടനകളും സമ്മേളനങ്ങളും നടക്കുന്നു. പക്ഷേ, ഇസ്‌ലാമിനോടു സഹാനുഭൂതിയുള്ള ഒരാളുടെ നാവിൽനിന്നുപോലും വിശുദ്ധ ഖുർആനിനെ തങ്ങളുടെ ഇമാമാക്കണമെന്നോ അതനുസരിച്ച് ജീവിക്കണമെന്നോ പറയുന്നില്ല.

എന്തെങ്കിലും പറയുന്നുവെങ്കിൽത്തന്നെ അത് ഇംഗ്ലീഷ് പഠിക്കുവിൻ, കോളേജുകൾ ഉണ്ടാക്കുവിൻ, ബാരിസ്റ്റർ ആകുവിൻ എന്ന് മാത്രമെയുള്ളു. ഇതിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹുവിൽ വിശ്വാസമില്ലെന്നാണ്. അനുഭവസമ്പത്തുള്ള ഡോക്ടറാണെങ്കിൽപ്പോലും പത്തു ദിവസത്തിനുശേഷവും മാറ്റമില്ലെങ്കിൽ തന്റെ ചികിത്സയിൽനിന്ന് പിന്മാറുന്നു. പ്രസ്തുത ചികിത്സ ഒഴിവാക്കി മറ്റുചികിത്സ തുടങ്ങുന്നു. ഇവിടെ പരാജയത്തിനുമേൽ പരാജയമുണ്ടായിക്കൊണ്ടിരിക്കുന്നു. പക്ഷേ, നിലപാടിൽനിന്ന് പിന്മാറുന്നില്ല. ദൈവമില്ലെങ്കിൽ അതിനെ ഒഴിവാക്കി തീർച്ചയായും പുരോഗതി നേടാമായിരുന്നു. എന്നാൽ, ദൈവമുണ്ട് തീർച്ചയായുമുണ്ട്. അതിനാൽ അവനെ ഉപേക്ഷിച്ചുകൊണ്ട് ഒരിക്കലും പുരോഗതി നേടാൻ കഴിയില്ല. അവനെ അവഹേളിച്ചുകൊണ്ട് അവന്റെ ഗ്രന്ഥത്തിനോടു അനാദരവ് കാണിച്ചുകൊണ്ട് വിജയിക്കണമെന്നും ഒരു സമൂഹമായി മാറണമെന്നും ആഗ്രഹിക്കുന്നു. അതൊരിക്കലും നടക്കുന്ന കാര്യമല്ല.

അമുസ്‌ലിമീങ്ങൾക്ക് വിശുദ്ധഖുർആൻ കത്തിക്കാൻ എന്തുകൊണ്ടാണ് ധൈര്യം വരുന്നത്. കാരണം നമ്മൾ കർമപരമായി വിശുദ്ധ ഖുർആനിനെ പ്രയോഗവൽക്കരിക്കുന്നത് അവസാനിപ്പിച്ചിരിക്കുന്നു. നമ്മൾ അതിൽനിന്ന് അരികിലേക്ക് മാറിയതാണ് അവർക്ക് ധൈര്യം പകരുന്നത്. മുസ്‌ലിമീങ്ങൾ പാപികളായിത്തീർന്നിരിക്കുന്നു.

അവിടന്ന് പറയുന്നു: 'നമ്മുടെ വീക്ഷണത്തിലുള്ള ഒരേയൊരു പരിഹാരം അതു നമ്മുടെ കണ്ണുകൾ കാണുകയും ചെയ്യുന്നുണ്ട്, പുരോഗതിക്കുള്ള ഏകമാർഗം ദൈവത്തെ തിരിച്ചറിയുകയും അവനിൽ ജീവസുറ്റ വിശ്വാസം ആർജിക്കുകയുമാണ്. നമ്മൾ ഇക്കാര്യങ്ങൾ ഭൗതികരായ ആളുകളോടു പറഞ്ഞാൽ അവർ അതിനെ ചിരിച്ചു തള്ളുന്നതാണ്. പക്ഷേ, നമ്മൾ കാണുന്നത് അവർ കാണുന്നില്ലെന്ന് ഓർക്കുമ്പോൾ അവരോടു സങ്കടം തോന്നുന്നു.'(മൽഫൂദാത്ത് വാള്യം 2, പേജ് 158 –159 1984 പതിപ്പ്) വിശുദ്ധ ഖുർആൻ അനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ മുസ്‌ലിമീങ്ങൾക്ക് അധഃപതനത്തിനുമേൽ അധഃപതനമാണെന്ന് ഞാൻ കാണുന്നു.

അതിനാൽ മുസ്‌ലിമീങ്ങളെന്ന് പറയപ്പെടുമ്പോൾ പിന്നെ ഇരട്ടത്താപ്പ് നടക്കുന്നതല്ല. മുസ്‌ലിമീങ്ങളുടെ അവസ്ഥകളുടെ ചിത്രം നമുക്ക് ഏറെ ഗുണപാഠദായകമാണ്. ദീനിന്റെ പേരാണ് പറയുന്നതെങ്കിലും ദുൻയാവിന്റെ കാര്യങ്ങളാണ് പറയുന്നത്. അതിന്റെ ഫലമായി ഒരു സമൂഹമെന്ന നിലയ്ക്ക് എല്ലാ സ്ഥലത്തും മുസ്‌ലിമീങ്ങളുടെ അവസ്ഥ പരിതാപകരമാണ്. അതുകൊണ്ടു ഇത് വളരെയേറെ ചിന്തിക്കുകയും ആശങ്കപ്പെടുകയും ചെയ്യേണ്ട സന്ദർഭമാകുന്നു.

ഏതവസ്ഥയിലും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കണമെന്നതിനെ പറ്റി മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു:നോക്കുക രണ്ടുതരത്തിലുള്ള ആളുകളുണ്ട്. ഒന്ന് ഇസ്‌ലാം സ്വീകരിച്ചശേഷം ഭൗതിക കച്ചവടങ്ങളിൽ മുഴുകുന്നു. ശയ്ത്വാൻ അവരുടെ ശിരസ്സുകളിലൂടെ സഞ്ചരിക്കുകയാണ്. എന്നാൽ, കച്ചവടം ചെയ്യുന്നത് അനുവദനീയമല്ലെന്നല്ല എന്റെ വിവക്ഷിതം. നേരത്തേയും വിശദീകരിച്ചതാണ്. സ്വാഹബാക്കളും കച്ചവടം ചെയ്തിരുന്നു. എന്നാൽ, അവർ ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചിരുന്നു. അവർ ഇസ്‌ലാം സ്വീകരിച്ചപ്പോൾ അവരുടെ ഹൃദയങ്ങളെ ദൃഢജ്ഞാനത്തിൽ അനുഗൃഹീതമാക്കുന്ന ഇസ്‌ലാമിനെ സംബന്ധിച്ച യഥാർഥ ജ്ഞാനം അവർ കരസ്ഥമാക്കി. ഇക്കാരണം കൊണ്ടുതന്നെ അവർ ഒരുരംഗത്തും ശയ്ത്വാനിന്റെ ആക്രമണത്തിൽ പതറിപ്പോയില്ല. ഇത് ഓരോ അഹ്മദിക്കും അടിസ്ഥാനപരമായ മാർഗദർശനമാകുന്നു.

ഒരു കാര്യത്തിനും സത്യം പറയുന്നതിൽനിന്ന് അവരെ തടയാൻ കഴിഞ്ഞില്ല. ആരേയും വഞ്ചിക്കാനോ തന്റെ ദീൻ ഉപേക്ഷിക്കാനോ പാടില്ല. ഞാൻ പറഞ്ഞതിന്റെ വിവക്ഷിതമെന്തെന്നാൽ ഭൗതികലോകത്തിന്റെ സേവകനും ഭൃത്യനുമായിത്തീരുന്നവൻ ഭൗതിക ലോകത്തിന്റെ ആരാധകനായി മാറുന്നു. അത്തരക്കാർക്കുമേൽ ശയ്ത്വാൻ ആധിപത്യവും നിയന്ത്രണവും ഏറ്റെടുക്കന്നു. മറ്റൊരു കൂട്ടർ ദീനിന്റെ പുരോഗതിയെ പറ്റിയുള്ള ചിന്തയുള്ളവരാണ്. ഇവർ ഹിസ്ബുല്ലാഹ് അഥവാ അല്ലാഹുവിന്റെ കക്ഷിക്കാർ എന്നറിയപ്പെടുന്നു. അവർ ശയ്ത്വാനും അവന്റെ സൈന്യത്തിനുമേൽ വിജയം വരിക്കുന്നു. ആക്രമണങ്ങളും യുദ്ധങ്ങളും ചെയ്യുന്ന ഭൗതികരായ ഹിസ്ബുല്ലാഹ് അല്ല. അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്ന സംഘമാണ് ഹിസ്ബുല്ലാഹ് എന്നറിയപ്പെടുന്നത്. സമ്പത്ത് കച്ചവടമാകുന്നു. അത് കച്ചവടം മുഖേനയാണ് അഭിവൃദ്ധിപ്പെടുന്നത്. അതുകൊണ്ട് അല്ലാഹുവും ദീനിനെപറ്റിയുള്ള അന്വേഷണത്തേയും പുരോഗതിയേയും ഒരു കച്ചവടമാണെന്ന് പറയുന്നു. അദ്ദേഹം പറയുന്നു:ഹൽ അദുല്ലുക്കും അലാ തിജാറത്തിൻ തുൻജീക്കും മിൻ അദാബിൻ അലീം വേദനാ ജനകമായ ശിക്ഷയിൽനിന്ന് രക്ഷിക്കുന്ന ഒരു കച്ചവടത്തെപ്പറ്റി ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? അതെന്താണ്? അത് ദീനിന്റെ കച്ചവടമാകുന്നു. ഏറ്റവും ഉത്തമമായ കച്ചവടം ദീനാകുന്നു. അത് വേദനാജനകമായ ശിക്ഷയിൽ നിന്ന് രക്ഷിക്കുന്നു. അതുകൊണ്ട് ഞാനും അല്ലാഹുവിന്റെ ഇതേ വചനംകൊണ്ട് പറയട്ടെ, ഹൽ അദുല്ലുക്കും അലാ തിജാറത്തിൻ തുൻജീക്കും മിൻ അദാബിൻ അലീം ദീനിന്റെ പുരോഗതിയിലും ആവേശത്തിലും കുറവ് വരുത്താത്തവരിലാണ് ഞാൻ കൂടുതൽ പ്രതീക്ഷയർപ്പിക്കുന്നത്. ഈ ആവേശത്തിൽ കുറവു വരുത്തുന്നവനുമേൽ ശയ്ത്വാൻ നിയന്ത്രണം ഏറ്റെടുക്കുമോ എന്ന് ഞാൻ ആശങ്കപ്പെടുന്നു. അതുകൊണ്ട് ഒരിക്കലും അലസത കാണിക്കാൻ പാടില്ല. അറിയാത്ത കാര്യങ്ങൾ ചോദിക്കേണ്ടതാണ്. അങ്ങനെ ദിവ്യജ്ഞാനത്തിൽ വർധന ഉണ്ടാകുന്നതാണ്. ചോദിക്കുന്നത് നിഷിദ്ധമായ കാര്യമല്ല. ഏതെങ്കിലും കാര്യം നിഷേധിക്കണമെങ്കിലും ചോദിക്കുക, വിജ്ഞാനപുരോഗതിക്കുംവേണ്ടിയും ചോദിക്കുക. ഉത്തരം കരസ്ഥമാക്കുക.

ഉന്നതമായ പുരോഗതിക്കുവേണ്ടിയും ചോദിക്കേണ്ടതാണ്. വിജ്ഞാനത്തിൽ അഭിവൃദ്ധി കാംക്ഷിക്കുന്നവൻ വിശുദ്ധ ഖുർആൻ ചിന്തിച്ച് പാരായണം ചെയ്യേണ്ടതാണ്. അറിയാത്ത കാര്യം ചോദിക്കുക. എന്തെങ്കിലും ദിവ്യജ്ഞാനം അറിയില്ലെങ്കിൽ മറ്റുള്ളവരോടു ചോദിച്ച് പ്രയോജനമെടുക്കുക. വിശുദ്ധ ഖുർആൻ ധാർമികപരമായ ഒരു സമുദ്രമാകുന്നു. അതിന്റെ ആഴങ്ങളിൽ വലിയ വലിയ വിലപിടിപ്പുള്ള അമൂല്യമായ മുത്തുകളുണ്ട്.'(മൽഫൂദാത്ത് വാള്യം 3, പേജ് 193–194, 1984 പതിപ്പ്)

അതിനാൽ ദീനീപരമായ അറിവ് സമ്പാദിക്കുന്നതിന് വിശുദ്ധ ഖുർആനിന്റെ മാർഗ ദർശനത്തെ പിൻപറ്റേണ്ടത് അനിവാര്യമാണ്. ഈ ഖുർആൻ തന്നെയാണ് ഇപ്പോൾ ശരിയായിട്ടുള്ള മാർഗദർശനം നല്കുക. ഇതേ മാർഗംതന്നെയാണ് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നതിലേക്ക് മാർഗദർശനം നല്കുക. അതുകൊണ്ട് നമ്മൾ ആത്മപരിശോധന നടത്തേണ്ടതാണ്. ചിന്തിച്ച് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നവർ എത്രപേരുണ്ട്. അതു ഓതുന്നവർ എത്രപേരുണ്ട്. അതനുസരിച്ച് കർമങ്ങൾ ചെയ്യാൻ ശ്രമിക്കുന്നവർ എത്രപേരുണ്ട്.

അവിടന്ന്(അ)വിശുദ്ധ ഖുർആനിന്റെ ഒരുപാട് ഔദാര്യങ്ങൾ നമ്മുടെ മേലുണ്ടെന്നും അതിനാൽ അത് ചിന്തിച്ചും ശ്രദ്ധിച്ചും പാരായണം ചെയ്യണമെന്ന കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറയുന്നു: വിശുദ്ധ ഖുർആൻ മുമ്പേവന്ന ഗ്രന്ഥങ്ങളുടേയും നബിമാരുടേയുംമേൽ ഔദാര്യം ചെയ്തിരിക്കുന്നു. കഥകളുടെ രൂപത്തിലുണ്ടായിരുന്ന അവരുടെ അധ്യാപനങ്ങൾക്ക് വൈജ്ഞാനികമായ വർണം ചാർത്തി. ഞാൻ സത്യംസത്യമായും പറയുന്നു, അവർ വിശുദ്ധ ഖുർആൻ പഠിക്കാത്തിടത്തോളം ആർക്കും തന്നെ കഥകളിലൂടെ മോക്ഷം പ്രാപിക്കാൻ കഴിയില്ല. കാരണം വിശുദ്ധ ഖുർആനിന്റെ മഹിമ വ ഇന്നഹൂ ലഖൗലുൻ ഫസ്

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**
**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

ലുൻ വ്വമാ ഹുവ ബിൽ ഹസ്ൽ(84:14-15) ഇത് തീരുമാനമെടുക്കുന്നതും ഒരുവിധ അനാവശ്യകാര്യവുമില്ലാത്തതുമായ ഗ്രന്ഥമാകുന്നു. ഇത് തുലാസും സംരക്ഷകനും പ്രകാശവും ശമനൗഷധവും കാരുണ്യവുമാകുന്നു. വിശുദ്ധ ഖുർആൻ വായിച്ച് അതിനെ കഥകളായി മനസ്സിലാക്കുന്നവർ അത് യഥാവിധി വായിച്ചിട്ടില്ല. മറിച്ച് അതിനെ അനാദരിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ എതിരാളികൾ എന്തുകൊണ്ടാണ് എതിർപ്പിൽ ഇത്രമാത്രം കടുപ്പം കാണിക്കുന്നത്? അതിനുള്ള കാരണം ഇതു മാത്രമാണ്, വിശുദ്ധ ഖുർആനിനെ അല്ലാഹുപറഞ്ഞതുപോലെ പൂർണമായും പ്രകാശവും യുക്തിയും ദിവ്യജ്ഞാനവുമാണെന്ന് കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. അവർ വിശുദ്ധ ഖുർആനിന് ഒരു നിസ്സാര കഥയെക്കാൾ വലുതായ ഒരു സ്ഥാനവും നൽകാനാഗ്രഹിക്കുന്നില്ല. അതു സഹിക്കാൻ നമുക്ക് സാധിക്കുകയില്ല.

വിശുദ്ധ ഖുർആൻ ജീവനുള്ളതും പ്രകാശമാനവുമായ ഗ്രന്ഥമാണെന്ന് അല്ലാഹു തന്റെ അനുഗ്രഹത്താൽ നമുക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നു. അതുകൊണ്ട് മറ്റുള്ളവരുടെ എതിർപ്പിനെ നാമെന്തിന് ഗൗനിക്കണം? അതിനാൽ ഞാനുമായി ബന്ധപ്പെട്ട ആളുകളെ കൂടെക്കൂടെ ഉപദേശിക്കുകയാണ്, അല്ലാഹു യാഥാർഥ്യം വെളിപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ ജമാഅത്ത് സ്ഥാപിച്ചിട്ടുള്ളത്.'

യാഥാർഥ്യങ്ങൾ വെളിപ്പെടുത്തുന്നതിനും പറയുന്നതിനുംവേണ്ടിയാണ് സ്ഥാപിച്ചിട്ടുള്ളത്. എന്തെന്നാൽ, ഇതുകൂടാതെ കർമജീവിതത്തിൽ എന്തെങ്കിലും വെളിച്ചമോ പ്രകാശമോ ഉണ്ടാകുകയില്ല. ഞാനാഗ്രഹിക്കുന്നത് കർമപരമായ സത്യത മുഖേന ഇസ്‌ലാമിന്റെ മേന്മ ലോകത്ത് വെളിപ്പെടുത്തണമെന്നാണ്. അല്ലാഹു ഈയൊരു കാര്യത്തിനാണ് എന്നെ നിയോഗിച്ചിട്ടുള്ളത്. അതുകൊണ്ടു വിശുദ്ധ ഖുർആൻ ധാരാളമായി പാരായണം ചെയ്യുക. കഥയെന്ന് കരുതിക്കൊണ്ടല്ല; പ്രത്യുത ഒരു തത്ത്വമാണെന്ന് മനസ്സിലാക്കിക്കൊണ്ട്.'(മൽഫൂദാത്ത് വാല്യം 3, പേജ് 155, 1984 പതിപ്പ്)

വിശുദ്ധ ഖുർആനിനെ മനസ്സിലാക്കേണ്ടത് വളരെ അനിവാര്യമാകുന്നു. ഒരുപാട് ചോദ്യങ്ങൾ നിരവധി അഹ്മദികൾ ചോദിക്കാറുണ്ട്. അവർ വിശുദ്ധ ഖുർആനിനെ ചിന്തിച്ച് പാരായണം ചെയ്യുകയാണെങ്കിൽ അവർക്ക് അവിടെത്തന്നെ മറുപടി ലഭിക്കുന്നതാണ്.

വിവിധ പരിപാടികളിൽ വിശുദ്ധ ഖുർആനിനെ കുറിച്ച് സംസാരിക്കുമ്പോൾ ശ്രോതാക്കളിൽ അതിന്റെ സ്വാധീനമുണ്ടാകുന്നു. അവർ ഇസ്‌ലാമിന്റെ ശ്രേഷ്ഠത അംഗീകരിക്കുന്നവരായിത്തീരുന്നു. അതുകൊണ്ട് ഓരോ അഹ്മദിയും പൂർണമായ ആത്മവിശ്വാസത്തോടെ വിശുദ്ധ ഖുർആൻ ഉപയോഗിക്കേണ്ടതാണ്. ഇതു നമ്മുടെ തർബിയ്യത്തിനു മാർഗദർശനം നല്കുന്നതുപോലെതന്നെ അന്യരുടെ ആക്ഷേപങ്ങൾക്ക് മറുപടി നൽകാനും ഒരുഗ്രൻ ആയുധമാകുന്നു.

ദീനിനെ ദുൻയാവിന്റെമേൽ മുന്തിക്കുന്നവർക്കുവേണ്ട പ്രധാനസംഗതി അവർക്ക് അല്ലഹുവുമായും ബന്ധമുണ്ടായിരിക്കണമെന്നതാണ്. കൽപനകളെ സംബന്ധിച്ച് മനസ്സിലാകുമ്പോൾ പ്രസ്തുത കൽപനകൾ നല്കിയവനോടും അതായത് അല്ലാഹുവിനോടും ബന്ധമുണ്ടാകണം. ഈ ബന്ധം ഇബാദത്തുകൾ മുഖേനയാണ് ഉണ്ടാകുക. ഇബാദത്തിനുള്ള ഇസ്‌ലാമിലെ ഏറ്റവും നല്ല മാർഗം നമസ്കാരമാകുന്നു.

അതിനാൽ, തന്റെ നമസ്കാരത്തിന്റെ അവസ്ഥ എങ്ങനെയുള്ളതാണെന്ന് ഓരോ അഹ്മദിയും ആത്മപരിശോധന നടത്തേണ്ടതാണ്. നമ്മുടെ ഈ അവസ്ഥ നല്ലതാണെങ്കിൽ നമുക്ക് അല്ലാഹുവുമായി ബന്ധമുണ്ടെങ്കിൽ പിന്നീട് നമുക്ക് യഥാർഥ സന്തോഷം ലഭിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എന്റെ മതമിതാണ്, വിപത്തുകളിൽനിന്ന് രക്ഷപ്പെടാനാഗ്രഹിക്കുന്നവൻ രഹസ്യമായ നിലയിൽ അല്ലാഹുവിനോടു ഐക്യപ്പെടുകയും താൻ പഴയ ആളല്ലെന്ന് സ്വയം തോന്നുമാറ് തന്നിൽ മാറ്റങ്ങളുണ്ടാക്കുകയും ചെയ്യുക. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:ഇന്നല്ലാഹ ലാ യുഗയ്യിറു മാ ബിഖൗമിൻ ഹത്താ യുഗയ്യിറൂ മാ ബിഅൻഫുസിഹിം ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നതുവരെ അവരുടെ സ്ഥിതിയ്ക്ക് അല്ലാഹു മാറ്റം വരുത്തുന്നതല്ല.(13:12). അദ്ദേഹം പറയുന്നു: സത്യമതത്തിന്റെ തായ്‌വേർ ദൈവത്തിലുള്ള വിശ്വാസമാകുന്നു. അല്ലാഹുവിലുള്ള വിശ്വാസം സത്യസന്ധമായ ആത്മാർഥത ആവശ്യപ്പെടുന്നു. ദൈവഭയമുണ്ടാകണം.

ഭയഭക്തിയുള്ളവനെ അല്ലാഹു ഒരിക്കലും നഷ്ടത്തിലാക്കുകയില്ല. അവൻ ആകാശത്തുനിന്ന് അത്തരം വ്യക്തിയെ സഹായിക്കുന്നു. മലക്കുകൾ അവനെ സഹായിക്കാനിറങ്ങുന്നു. മുത്തഖിയിൽനിന്ന് അത്ഭുത ദൃഷ്ടാന്തങ്ങൾ വെളിപ്പെടുന്നു എന്നതിൽ കവിഞ്ഞ് മറ്റെന്താണ് വേണ്ടത്. മനുഷ്യൻ അല്ലാഹുമായി ഈ ബന്ധത്തിൽ പൂർണമായും ശുദ്ധനായാൽ അവന്റെ അനിഷ്ടത്തിന് കാരണമായ കർമങ്ങൾ ഉപേക്ഷിക്കുകയും ചെയ്താൽ അവൻ എല്ലാ കാര്യങ്ങളും അനുഗ്രഹപൂർണമായി തരണം ചെയ്യുമെന്ന് മനസ്സിലാക്കിക്കൊള്ളട്ടെ. നാം വാനലോകത്തെ നടപടികളിലാണ് വിശ്വസിക്കുന്നത്. വാനലോകത്ത്കാര്യങ്ങൾ നടന്നാലെ ഭൂമിയിലും നടക്കുകയുള്ളു. അല്ലെങ്കിൽ ഒരു മാർഗവുമില്ല. അല്ലാഹു ഏതെങ്കിലും വ്യക്തിയുടേതായിക്കഴിഞ്ഞാൽ അവനെ മുഴുലോകവും എതിർത്താലും അവനൊരു കോട്ടവുമുണ്ടാക്കാൻ സധിക്കുകയില്ലെന്ന കാര്യം സത്യമാകുന്നു. അല്ലാഹു സംരക്ഷിക്കാനാഗ്രഹിക്കുന്നവന് ദോഷമുണ്ടാക്കാൻ ആർക്കാണ് കഴിയുക? അതിനാൽ അല്ലാഹുവിൽ ഭരമേല്പിക്കേണ്ടത് നിർബന്ധമാകുന്നു. ഈ ഭരമേൽപിക്കൽ ഒരു കാര്യത്തിലും പൂർണമായും പ്രതീക്ഷ അർപിക്കാതിരിക്കുക എന്നതാണ്. ഉപായങ്ങൾ അനിവാര്യമാണ്. എന്നാൽ, ഉപായങ്ങളുടെ സൃഷ്ടിപ്പും അല്ലാഹുവിന്റെ കരങ്ങളിൽത്തന്നെയാകുന്നു. അവനാണ് എല്ലാ ഉപായങ്ങളും സൃഷ്ടിക്കുന്നത്. അതുകൊണ്ട് ഉപായങ്ങളിലും പ്രതീക്ഷ അർപ്പിക്കരുത്. അല്ലാഹുവിലുള്ള വിശ്വാസമുണ്ടാകുന്നത് നമസ്കാരങ്ങൾ കൃത്യമായും അനുഷ്ഠിക്കുകയും നമസ്കാരങ്ങളിൽ പതിവായി ദുആയിരക്കുകയും ചെയ്യുമ്പോഴാണ്. സകല തരത്തിലുമുള്ള തെറ്റുകളിൽനിന്നും രക്ഷപ്പെടേണ്ടതാണ്. പുതിയൊരു ജീവിതത്തിന് അടിത്തറ പാകേണ്ടതാണ്. ഇതു ഓർമിച്ചുകൊള്ളുക!അല്ലാഹു പ്രിയപ്പെട്ടവനാകുന്നതുപോലെ ആരും പ്രിയപ്പെട്ടവനാകുകയില്ല. അവൻ തൃപ്തിപ്പെട്ടാൽ മുഴുവൻ ലോകവും തൃപ്തിപ്പെടുന്നതാണ്.

അവൻ ആരോടെങ്കിലും ഇഷ്ടം പ്രകടിപ്പിക്കുന്നതായാൽ ഉപായങ്ങളെ ശരിയാക്കുന്നതാണ്. അലങ്കോലപ്പെട്ടുപോയ ജോലിയും ശരിയാകുന്നതാണ്. ദോഷകരമായതിനെ പ്രയോജനപ്രദമാക്കിത്തരുന്നതാണ്. ഇതാണ് അവന്റെ ദൈവത്വമെന്നു പറയുന്നത്. അതേ! ഇക്കാര്യം ഓർമവെക്കേണ്ടതാണ്, ആർക്കുവേണ്ടിയാണോ ദുആ ചെയ്യപ്പെടുന്നത് അയാൾ തന്റെ കഴിവുകൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടത് നിർബന്ധമാണ്. 'ദുആയ്ക്ക് പറയുന്നവൻ, ദുആ ചെയ്യുന്നതിനോടൊപ്പം തന്നെ നന്നാക്കിത്തീർക്കുന്നതിന് ശ്രമിക്കേണ്ടതാണ്. അവൻ മറ്റേതെങ്കിലും വിധത്തിൽ അല്ലാഹുവിനെ പിണക്കുകയാണെങ്കിൽ ദുആയുടെ പ്രഭാവത്തെ തടയുന്നവനായിമാറുന്നതാണ്.

സുന്നത്താക്കപ്പെട്ട മാർഗത്തിൽ ഉപായങ്ങളിൽ നിന്ന് സഹായമെടുക്കുക പാപമല്ല. എന്നാൽ, അല്ലാഹുവിനെ മുന്തിക്കണം. അല്ലാഹുവിന്റെ വെറുപ്പിന് പാത്രമാകുന്ന കാര്യഹേതുക്കൾ സ്വീകരിക്കാതിരിക്കേണ്ടതാണ്.'(മൽഫൂദാത്ത് വാല്യം 2, പേജ് 184-185, 2022 പതിപ്പ്)

നമസ്കാരത്തിൽ ആനന്ദം കിട്ടാത്തതിനുള്ള കാരണങ്ങളും അതിനുള്ള പ്രതിവിധികളും നിർദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

നമസ്കാരങ്ങളിൽ അല്ലാഹു വെച്ചിട്ടുള്ള ആനന്ദത്തെപറ്റി അറിവില്ലാത്തതുകൊണ്ടാണ് ആളുകൾ നമസ്കാരത്തിൽ അലംഭാവവും അലസതയും കാണിക്കുന്നത്. വലിയൊരു കാരണം ഇതുതന്നെയാണ്. പിന്നെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും കൂടുതൽ അലംഭാവവും അലസതയും കാണാം. 50%പോലും പൂർണമായ തയ്യാറെടുപ്പോടുകൂടിയും സത്യസന്ധമായ സ്നേഹത്തോടുകൂടിയും തന്റെ യഥാർഥ യജമാനന്റെ സവിധത്തിൽ തലകുനിക്കുന്നില്ല. ഇവിടെ ഉയരുന്ന ചോദ്യം എന്തുകൊണ്ട് അവർക്ക് അനുഭൂതിയെപ്പറ്റി അറിവില്ലെന്നും അവർ അതിലെ സ്വാദ് അനുഭവിച്ചിട്ടില്ലെന്നതുമാണ്. മറ്റു മതങ്ങളിലൊന്നും ഇത്തരം അധ്യാപനങ്ങളില്ല. ചിലപ്പോൾ ജോലികളിൽ എത്രത്തോളം മുഴുകുന്നുവെന്നാൽ അതിനിടയിൽ ബാങ്കുകേൾക്കുന്നതുപോലും ഇഷ്ടപ്പെടുന്നില്ല. അതായത് ബാങ്കു കൊടുത്തുവെന്നതിലും നമസ്കാരത്തിന് പോകണമെന്നതിലും അവരുടെ മനസ്സ് ദുഃഖിക്കുന്നു. ഇവർ ഏറെ ദയനീയമായ അവസ്ഥയിലുള്ളവരാണ്. ചിലയാളുകൾ ഇങ്ങനെ ഇവിടേയുമുണ്ട്. അവരുടെ കടകൾ മസ്ജിദിനു താഴെയാണ്. പക്ഷേ, ഒരിക്കലുംപോയി നമസ്കാരത്തിൽ ചേരുന്നില്ല. അതിനാൽ അല്ലാഹുവിനോടു വളരെയധികം ആർദ്രതയോടും ആവേശത്തോടുംകൂടി ദുആ ചെയ്യുക. ഫലങ്ങളിലും വസ്തുക്കളിലും വിവിധതരം രുചികൾ വെച്ചിട്ടുള്ളതുപോലെ നമസ്കാരത്തിന്റേയും ഇബാദത്തിന്റേയും രുചിയുണ്ടാക്കേണമെ എന്ന് പ്രാർഥിക്കുക. കഴിച്ച ഭക്ഷണത്തെ പറ്റി ഓർമയുണ്ടാകും. ആരെങ്കിലും ഭംഗിയുള്ള ഒന്നിനെ സന്തോഷത്തോടെ നോക്കുമ്പോൾ അയാൾക്ക് അത് നല്ലവണ്ണം ഓർമയുണ്ടാകും. അതുപോലെ തന്നെ വളരെ വൃത്തികെട്ട ഒരു രൂപം കാണുകയാണെങ്കിൽ അതിന്റെ ശരീരപ്രകൃതമനുസരിച്ച് എല്ലാ അവസ്ഥയും മുന്നിൽ വരുന്നു. ഇനി ഒരു ബന്ധവുമില്ലെങ്കിൽ ഓർമ ഉണ്ടാകുകയുമില്ല.

അതുപോലെ നമസ്കരിക്കാത്തവർക്ക് നമസ്കാരം ഒരു പിഴയാണ്. അനാവശ്യമായി രാവിലെ എഴുന്നേറ്റു വുളു ചെയ്ത് സുഖസുഷുപ്തി ഒഴിവാക്കി പലതരത്തിലുള്ള എളുപ്പത്തേയും നഷ്ടപ്പെടുത്തി നമസ്കരിക്കേണ്ടിവരുന്നു.

കാരണം അയാൾക്ക് വിരക്തിയാണ്. അതുകൊണ്ട് മനസ്സിലാകുന്നില്ല. നമസ്കാരത്തിലുള്ള ആനന്ദത്തേയും തൃപ്തിയേയും പറ്റി അയാൾക്ക് അറിവില്ല. എന്നിരിക്കെ നമസ്കാരത്തിൽ എങ്ങനെയാണ് ആനന്ദമുണ്ടാകുക?ഒരു മദ്യപാനിക്ക് ലഹരി കിട്ടാതെ വരുമ്പോൾ അയാൾ കൂടെക്കൂടെ കുടിക്കുന്നതായി കാണുന്നു. അങ്ങനെ അവസാനം അയാൾക്കു ലഹരി ഉണ്ടാകുന്നു. ബുദ്ധിമാനായ നല്ല മനുഷ്യന് ഇതിൽനിന്ന് പാഠമുൾക്കൊള്ളാൻ കഴിയും. അതായത് നമസ്കാരത്തിൽ സ്ഥായിഭാവമുണ്ടാകുകയും കൃത്യതപാലിക്കുകയും നമസ്കരിച്ചുകൊണ്ടിരിക്കുകയും ചെയ്താൽ അയാൾക്ക് അതിൽ ആനന്ദമുണ്ടാകുന്നതാണ്. മദ്യപാനിയുടെ മനസ്സിൽ ഒരു ലഹരിയെപറ്റിയുള്ള ഭാവനയുണ്ട്. അതു പ്രാപിക്കലാണ് അയാളുടെ ലക്ഷ്യം. അതുപോലെ നമ്മുടെ മനസ്സിലും നമ്മുടെ സകല കഴിവുകളുടേയും താൽപര്യം

നമസ്കാരത്തിൽ ഇതുപോലെ ആനന്ദം ആർജിക്കാൻ വേണ്ടിയുള്ളതായിരിക്കണം. പിന്നീട് ആത്മാർഥതയോടും ആവേശത്തോടുംകൂടി ആ മദ്യപാനിയെ പോലെ ഒരു അസ്വസ്ഥതയുണ്ടായി പ്രസ്തുത ആനന്ദം കരസ്ഥമാക്കാൻ ദുആ ഉണ്ടായിവരണം. ഞാൻ സത്യമായും പറയുന്നു, തീർച്ചയായും പ്രസ്തുത ആനന്ദം കരസ്ഥമാകുന്നതാണ്. പിന്നെ നമസ്കരിക്കുമ്പോൾ ആവശ്യമായ പ്രയോജനം കരസ്ഥമാക്കാൻ ശ്രദ്ധവേണം. പ്രസ്തുത ഔദാര്യം മുന്നിൽ വരണം. ഇന്നൽ ഹസനാത്തി യുദ്ഹിബ്നസ്സയ്യിആത്തി(11:115)തീർച്ചയയായും സൽക്കർമങ്ങൾ ദുഷ്കർമങ്ങളെ അകറ്റിക്കളയുന്നു. അതിനാൽ സ്വിദ്ദീഖുമാരുടേയും മുഹ്സിനീങ്ങളുടേയും നമസ്കാരത്തിനു ഭാഗ്യമുണ്ടാകാൻ ഈ നന്മകളേയും ആനന്ദങ്ങളേയും മനസ്സിൽവെച്ചുകൊണ്ട് ദുആ ചെയ്യുക.

ഇന്നൽ ഹസനാത്തി യുദ്ഹിബ്നസ്സയ്യിആത്തി(11:115)തീർച്ചയയായും സൽക്കർമങ്ങൾ ദുഷ്കർമങ്ങളെ അകറ്റിക്കളയുന്നു. അല്ലെങ്കിൽ മറ്റൊരിടത്ത് നമസ്കാരം അസാന്മാർഗിക പ്രവൃത്തികളിൽനിന്നും തിന്മകളിൽനിന്നും രക്ഷിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ചിലയാളുകൾ നമസ്കരിക്കുന്നവരായിട്ടും തിന്മകൾ ചെയ്യുന്നത് നമ്മൾ കാണുന്നു. ഇതിനുള്ള മറുപടിയെന്തന്നാൽ അവർ ആത്മാർഥമായും സത്യസന്ധമായും നമസ്കരിക്കാത്തവരാകുന്നു. അവർ ആചാരവും ശീലവുമെന്ന നിലയിൽ തലകുത്തി മറിയുകയാണ്. അവരുടെ ആത്മാവ് നിർജീവമാണ്. അല്ലാഹു അവയുടെ പേര് ഹസനാത്തെന്ന് വെച്ചില്ല. ഇവിടെ ഹസനാത്ത് എന്ന പദം വെച്ചു. സ്വലാത്ത് എന്ന പദം വെച്ചില്ല; അർഥം ഒന്നുതന്നെയായിട്ടും. ഇതിന്റെ കാരണം നമസ്കാരത്തിന്റെ മേന്മയിലേക്കും ഭംഗിയിലേക്കും സൂചിപ്പിക്കുക എന്നതായിരുന്നു. അതായത് സത്യസന്ധതയുടെ ആത്മാവ് ഉൾക്കൊള്ളുന്ന നമസ്കാരം തിന്മകളെ അകറ്റുകയും കരുണയുടെ സ്വാധീനം ഉൾക്കൊള്ളുകയും ചെയ്യുന്നു.

നമസ്കാരം തീർച്ചയായും തീർച്ചയായും തിന്മകളെ അകറ്റുന്നു. നമസ്കാരം ഇരിക്കുകയും നിൽക്കുകകയും ചെയ്യുന്നതിന്റെ പേരല്ല. നമസ്കാരത്തിന്റെ കാമ്പും ആത്മാവും രുചിയും സന്തോഷവുമുൾക്കൊള്ളുന്ന ആ ദുആയാണ്.(മൽഫൂദാത്ത് വാള്യം 1, പേജ് 162-164, 1984 പതിപ്പ്)

അതുകൊണ്ട് നമ്മൾ ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. നമ്മൾ നമസ്കാരങ്ങളിൽ ആനന്ദം കരസ്ഥമാക്കുന്നുണ്ടോ? നമ്മൾ പൂർണമായ വിശ്വാസം കേവലം കാര്യഹേതുക്കളിൽമാത്രമാണോ വെക്കുന്നത്? നമ്മൾ നമസ്കാരങ്ങളെ സംരക്ഷിക്കുന്നവരാണെങ്കിൽ നമ്മൾ ബയ്അത്തിനോടുള്ള കടമ നിറവേറ്റുന്നവരാണോ? നമ്മുടെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കുന്നവരാണോ? ഇല്ലെങ്കിൽ ചിന്താർഹമായ അവസ്ഥയാണ്.

പിന്നീട് ഇൽമിലും മഅ്രിഫത്തിലുമുള്ള അഭിവൃദ്ധിയേയും ശയ്ത്വാനിന്റെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടുന്നതിനേയും സംബന്ധിച്ച് ശ്രദ്ധക്ഷണിച്ചുകൊണ്ടും ഗുരുവും ശിഷ്യനുതമ്മിലുള്ള ബന്ധങ്ങൾ എങ്ങനെയുള്ളതായിരിക്കണമെന്നതിനെ സംബന്ധിച്ചും പറയുന്നു: ആത്മീയമായ ഗുരുശിഷ്യബന്ധങ്ങൾ ഉസ്താദും ശിഷ്യനും തമ്മിലുള്ള ബന്ധങ്ങളുടെ ഉദാഹരണത്തിലൂടെ മനസ്സിലാക്കേണ്ടതാണ്. ശിഷ്യൻ ഉസ്താദിൽനിന്ന് ഫലമെടുക്കുന്നതുപോലെ ആത്മീയ ശിഷ്യനും ഗുരുവിൽനിന്ന് ഫലമെടുക്കേണ്ടതാണ്. ശിഷ്യൻ ഉസ്താദുമായി ബന്ധം സ്ഥാപിക്കുകയും എന്നാൽ, തന്റെ പഠനകാര്യത്തിൽ മുന്നോട്ടു പോകാതിരിക്കുകയുമാണെങ്കിൽ ഉസ്താദിൽനിന്ന് പ്രയോജനം കരസ്ഥമാക്കാൻ സാധിക്കുകയില്ല. ഇതേ അവസ്ഥ തന്നെയാണ് ആത്മീയ ശിഷ്യന്റേയും! ഇതുസംബന്ധമായി ബന്ധം സ്ഥാപിച്ചുകൊണ്ട് തന്റെ മഅ്രിഫത്തിനേയും ഇൽമിനേയും വർധിപ്പിക്കേണ്ടതാണ്. സത്യാന്വേഷി ഒരു സ്ഥാനത്തെത്തി ഒരിക്കലും നിന്നുപോകാൻ പാടില്ല. അങ്ങനെയായാൽ ശപിക്കപ്പെട്ട ശയ്ത്വാൻ വേറെ ദിക്കിലേക്ക് വഴിതിരിച്ചുവിടുന്നതായിരിക്കും: കെട്ടിക്കിടക്കുന്ന വെള്ളത്തിൽനിന്ന് ദുർഗന്ധം വമിക്കുന്നതുപോലെ. കെട്ടികിടക്കുന്ന വെള്ളത്തിൽ ദുർഗന്ധമുണ്ടാകുകയും കീടങ്ങൾ അതിലുണ്ടാകുകയും പല രോഗങ്ങൾക്കും അതു കാരണമായി തീരുകയും ചെയ്യുന്നു. ഇപ്രകാരമാണ് ഒരു സ്ഥലത്ത് ഒതുങ്ങി നില്ക്കുന്ന മനുഷ്യന്റെ അവസ്ഥയും. അതുകൊണ്ട് നമ്മുടെ പാദം എപ്പോഴും മുന്നോട്ടു പോയികൊണ്ടിരിക്കേണ്ടതാണ്. പറഞ്ഞു:ഇപ്രകാരം മുഅ്മിൻ തന്റെ അഭിവൃദ്ധിക്കായി പരിശ്രമിക്കുന്നില്ലെങ്കിൽ അവൻ വീണു പോകുന്നു. അതുകൊണ്ട് ദീൻ പഠിച്ചുകൊണ്ടിരിക്കുക എന്നത് സൗഭാഗ്യരുടെ നിർബന്ധകടമയാണ്. നമ്മുടെ നബി(സ)തിരുമേനിയെപോലെ സമ്പൂർണമനുഷ്യനായി ലോകത്താരും കഴിഞ്ഞുകടന്നിട്ടില്ല. പക്ഷേ, ആ മഹാത്മാവിനോടും റബ്ബി സിദ്നീ ഇൽമാ എന്ന പ്രാർഥന ചൊല്ലിക്കൊണ്ടിരിക്കാൻ നിർദേശമുണ്ടായി. അപ്പോൾപിന്നെ തന്റെ മഅ്രിഫത്തിലും അറിവിലും പൂർണമായും വിശ്വസിച്ചുകൊണ്ട് ഒരു സ്ഥലത്ത് നിൽക്കാനും ഇനി അഭിവൃദ്ധി ആവശ്യമില്ലെന്ന് മനസ്സിലാക്കാനും ആർക്കാണ് കഴിയുക. പതുക്കെപ്പതുക്കെ മനുഷ്യൻ തന്റെ അറിവിലും ജ്ഞാനത്തിലും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ഇനി ധാരാളം കാര്യങ്ങൾ പരിഹരിക്കാൻ ബാക്കിയുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യും. ചില കാര്യങ്ങളെ അവൻ പ്രഥമദൃഷ്ട്യാ(കുട്ടി ജാമിതീയ രൂപങ്ങളെ നിരർഥമായി മനസ്സിലാക്കുന്നതുപോലെ)അതായത് ജിയോമെട്രിയുടെ രൂപങ്ങൾ അല്ലെങ്കിൽ വിവിധ ഡയഗ്രം ശാസ്ത്രജ്ഞന്മാർ വരച്ചുണ്ടാക്കുന്നത് കുട്ടി വെറും വരകളായി മനസ്സിലാക്കുന്നു. അവർ മനസ്സിലാക്കുന്നത് അതിനൊരു പ്രസക്തിയുമില്ലെന്നാണ്. പറഞ്ഞു: അത്തരക്കാർ ഈ കുട്ടികളെപ്പോലെയാണ്. ഇക്കാര്യങ്ങളെ തികച്ചും നിരർഥമായി മനസ്സിലാക്കുന്നു. അവിടന്ന് പറഞ്ഞു:പക്ഷേ, അവസാനം അതേ കാര്യങ്ങൾ സത്യസാക്ഷ്യത്തിന്റെ രൂപത്തിൽ അവർ കാണുന്നു. വലുതായി ബുദ്ധിവെക്കുമ്പോൾ അതിൽ വലുതായ കാര്യങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് അവൻ അറിയുന്നു. അതുകൊണ്ട് തന്റെ നിലയെ മാറ്റുന്നതിനോടൊപ്പംതന്നെ അറിവ് വർധിപ്പിക്കുന്നതിന് എല്ലാ കാര്യങ്ങളും പൂർത്തിയാക്കേണ്ടത് എത്രമാത്രം ആവശ്യമാണ്. നിങ്ങൾ ഒത്തിരി നിരർഥമായ കാര്യങ്ങൾ ഉപേക്ഷിച്ചുകൊണ്ടാണ് ഈ ജമാഅത്തിനെ സ്വീകരിച്ചത്. നിങ്ങൾ അതുസംബന്ധമായി പൂർണമായ അറിവും ഉൾക്കാഴ്ചയും കരസ്ഥമാക്കുന്നില്ലെങ്കിൽ അതുകൊണ്ട് നിങ്ങൾക്ക് എന്തുനേട്ടമാണുണ്ടായത്. നിങ്ങളുടെ യഖീനിലും മഅ്രിഫത്തിലും എങ്ങനെ ശക്തിയുണ്ടാകാനാണ്. നിസ്സാരകാര്യങ്ങളിൽസംശയങ്ങളും സന്ദേഹങ്ങളും ഉണ്ടാകുക. അവസാനം ചുവട് ഇളകിപ്പോകുമോ എന്ന ആശങ്കയും!(മൽഫൂദാത്ത് വാള്യം 3, പേജ് 193, 1984 പതിപ്പ്)

ഈമാനിൽ ഇളക്കംതട്ടിക്കൊണ്ടിരിക്കുന്ന ചിലരുണ്ട്. അതുകൊണ്ടാണ് അവർ ഇൽമ് അഥവാ അറിവിൽ അഭിവൃദ്ധി പ്രാപിക്കാത്തത്. അല്ലെങ്കിൽ അവർ തങ്ങളുടെ സാങ്കല്പികമായ വ്യാഖ്യാനങ്ങളും ന്യായീകരണങ്ങളും പറഞ്ഞുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കുകയില്ല.

നമ്മൾ മതപരമായ അറിവിൽ ശ്രദ്ധചെലുത്തുകയാണെങ്കിൽ ദൈവാസ്തിക്യത്തിലുള്ള ഈമാനിലും ഇസ്‌ലാം-അഹ്മദിയ്യത്ത് സത്യമാണെന്നുള്ള വിശ്വാസത്തിലും അഭിവൃദ്ധിപ്രാപിക്കുന്നതായിരിക്കും നമ്മുടെ കുട്ടികളുടെ ഈമാനും സംരക്ഷിക്കുന്നവരായിരിക്കും. ഈ ഭാഗത്ത് ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:എനിക്ക് ബയ്അത്തു ചെയ്തിട്ടുണ്ടെങ്കിൽ നീതിമാനായ വിധികർത്താവായും അംഗീകരിക്കുക. ഞാനെന്തു കാര്യം പറയുകയാണെങ്കിലും അല്ലാഹുവിന്റേയും റസൂലിന്റേയും അധ്യാപനമനുസരിച്ചായിരിക്കും പറയുക എന്ന് ദൃഢമായും വിശ്വസിക്കുക. അല്ലാഹുവിന്റെ പ്രത്യേകമായ മാർഗനിർദേശത്തിൽനിന്നായിരിക്കും പറയുക. അവിടന്ന് പറഞ്ഞു:നീതിമാനായ വിധികർത്താവിന്റെ തീരുമാനങ്ങളെ ആദരദൃഷ്ടിയോടെ നോക്കിക്കാണുന്ന അവസ്ഥയിൽ നിങ്ങളുടെ ഈമാനിനെ ആക്കിത്തീർക്കുക.

അവിടന്ന് പറഞ്ഞു: വിശ്വസിക്കുന്നവൻ തന്റെ വിശ്വാസംകൊണ്ട് യഖീനും ഇർഫാനുംവരെ അഭിവൃദ്ധിപ്പെടേണ്ടതാണ്. ള്വന്നിന്റെ(ഊഹം)പിടിയിലകപ്പെടാൻ പാടില്ല. ഓർമിക്കുക, ഊഹം ഫലപ്രദമാകുകയില്ല. തെറ്റായധാരണകളുണ്ടാകുന്നു.അല്ലാഹുതന്നെ പറയുന്നു:ഇന്നള്ള്വന്ന ലാ യുഗ്നീ മിനൽഹഖ്ഖി ശയ്ആ(10:37).സത്യത്തിനെതിരിൽ ഊഹം ഒരു പ്രയോജനവും ചെയ്യുകയില്ല. സത്യം എന്തായാലും സത്യംതന്നെയാണ്! തെറ്റായധാരണകൾ ഉണ്ടാക്കുന്നതുകൊണ്ട് സത്യം മറഞ്ഞിരിക്കുകയില്ല. യഖീൻ അഥവാ ദൃഢഗാഢപരമായ വിശ്വാസംതന്നെയാണ് മനുഷ്യനെ ലക്ഷ്യം നേടുന്നവനാക്കുന്നത്. അവിടന്ന് പറഞ്ഞു: യഖീനില്ലാതെ ഒന്നും നടക്കുകയില്ല. മനുഷ്യൻ ഓരോ കാര്യത്തിലും തെറ്റുധരിക്കാൻ തുടങ്ങിയാൽ അവന് ഒരു നിമിഷംപോലും ലോകത്ത് കഴിഞ്ഞുകൂടാൻ കഴിഞ്ഞെന്ന് വരികയില്ല. ഈ ഭൗതികമായ കാര്യങ്ങളിൽത്തന്നെ നിങ്ങൾ ഊഹിക്കാൻ തുടങ്ങിയാൽ എന്തായിരിക്കും അവസ്ഥ. നിങ്ങൾ ഉദാഹരണം നോക്കുക. വിഷം കലർന്നിട്ടുണ്ടാകുമോ എന്ന് ഊഹിച്ചാൽ വെള്ളം കുടിക്കാൻ കഴിയുമോ? ജീവൻ നശിപ്പിക്കുന്ന എന്തെങ്കിലും സാധനം കലർത്തിയിട്ടുണ്ടോ എന്ന് ഊഹിച്ചാൽ ചന്തയിൽനിന്ന് ഒന്നും വാങ്ങാൻ സാധിക്കുകയില്ല. അപ്പോൾ പിന്നെ എങ്ങനെയാണ് ജിവിക്കുക. ഇതൊരു വലിയ ഉദാഹരണമാണ്. ആർക്കാണോ

## • കലാമുൽ ഇമാം •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**




SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

തെറ്റുധാരണാ രോഗമുള്ളത് അവൻ ഇങ്ങനെ ചിന്തിച്ച് ചിന്തിച്ച് തന്റെ ജീവിതം ജീർണിപ്പിക്കുന്നു. അത്തരം തെറ്റായധാരണകൾ ഉണ്ടാകാതിരിക്കാൻ ആത്മീയ കാര്യങ്ങളിലും ഇത്തരം സംഗതികൾ നോക്കേണ്ടതാണ്. അവിടന്ന് പറഞ്ഞു: ഇപ്രകാരം മനുഷ്യന് ആത്മീയപരമായ കാര്യങ്ങളിൽ ഇതിൽനിന്ന് ഫലമെടുക്കാൻ കഴിയുന്നതാണ്. ഇനി നിങ്ങൾത്തന്നെ ചിന്തിക്കുകയും നിങ്ങളുടെ മനസ്സിൽ തീരുമാനമെടുക്കുകയും ചെയ്യുക. നിങ്ങളെന്റെ കൈയിൽ ബയ്അത്ത് ചെയ്തതിനും എന്നെ മസീഹ് മൗഊദും നീതിമാനായ വിധികർത്താവുമായി വിശ്വസിച്ചതിനും ശേഷം എന്റെ ഏതെങ്കിലും തീരുമാനമോ പ്രവർത്തിയോ നിങ്ങളുടെ മനസ്സിലെന്തെങ്കിലും വൈമനസ്യമോ അല്ലെങ്കിൽ വിഷമമോ ഉണ്ടാക്കുന്നെങ്കിൽ നിങ്ങളുടെ ഈമാനിനെ കുറിച്ച് ചിന്തിക്കുക. നിങ്ങളുടെ ആ ഈമാൻ ആശങ്കകളും സന്ദേഹങ്ങളുംകൊണ്ട് നിറഞ്ഞതാണ്. എന്തെങ്കിലും സൽഫലമുളവാക്കുന്നതായിരിക്കുകയില്ല. പക്ഷേ, നിങ്ങൾ സത്യഹൃദയത്തോടെ വിശ്വസിച്ചിട്ടുണ്ടെങ്കിൽ അതായത് വാഗ്ദത്ത മസീഹ് യഥാർഥത്തിൽ വിധികർത്താവാണെന്ന് വിശ്വസിച്ചിട്ടുണ്ടെങ്കിൽ അപ്പോൾപ്പിന്നെ അയാളടെ വിധിയുടേയും പ്രവർത്തിയുടേയും മുമ്പിൽ നിങ്ങളുടെ ആയുധമിടുക. റസൂലുല്ലാഹി(സ)യുടെ പരിശുദ്ധമായ കാര്യങ്ങളെ ആദരിക്കുന്നവരും മഹത്ത്വപ്പെടുത്തുന്നവരുമായിത്തീരാൻ അയാളുടെ വിധികളെ ആദരദൃഷ്ടിയോടെ നോക്കുക. നബി(സ)തിരുമേനിയുടെ സാക്ഷ്യം മതിയായതാണ്. അത് സംതൃപ്തി നല്കുന്നു. അതായത് അദ്ദേഹമായിരിക്കും(വാഗ്ദത്ത മസീഹ്) നിങ്ങളുടെ ഇമാം. അദ്ദേഹം നീതിമാനായ വിധികർത്താവായിരിക്കും. അദ്ദേഹത്തിൽ തൃപ്തി ഉണ്ടാകുന്നില്ലെങ്കിൽ പിന്നെപ്പോഴാണ് ഉണ്ടാകുക. ആ രീതി ഒരിക്കലും നല്ലതോ അനുഗൃഹീതമോ ആയിരിക്കുകയില്ല. അതായത് ഈമാനുണ്ടാകണം. മനുഷ്യന്റെ ചില കോണുകളിൽ തെറ്റായ ധാരണകളുമുണ്ടാകും. ഞാൻ സത്യവാനല്ലെങ്കിൽ സത്യവാനെ അന്വേഷിക്കുക. തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക, ഈ നേരത്ത് മറ്റൊരു സത്യവാനെ കിട്ടുകയില്ല. അപ്പോൾ മറ്റൊരു സത്യവാനെ കിട്ടുന്നില്ലെങ്കിൽ, ഞാൻ നിങ്ങളോടു ചോദിക്കുന്നത് നബി(സ)തിരുമേനി എനിക്കുനല്കിയ അവകാശം മാത്രമാണ്.

ആരാണോ എന്നെ നിഷേധിച്ചത് എനിക്കെതിരിൽ ആക്ഷേപം ഉന്നയിച്ചത് അവരെന്നെ തിരിച്ചറിഞ്ഞില്ല. ആരാണോ എന്നെ വിശ്വസിക്കുകയും പിന്നീട് ആക്ഷേപിക്കുകയും ചെയ്യുന്നത് അവൻ ദൗർഭാഗ്യനാണ്. കണ്ടതിനുശേഷം അന്ധനായിപ്പോയി. യഥാർഥ കാര്യമിതാണ്. ആ കാർമേഘവും പദവി കുറച്ചു കളയുന്നു.

അതുകൊണ്ടാണ് ഹദ്റത്ത് ഈസാമസീഹ്(അ)പറഞ്ഞത്, നബി അനാദരനാകുന്നതല്ല, എന്നാൽ, തന്റെ നാട്ടിൽ. ഇതിൽനിന്ന് അവർക്ക് സ്വന്തംനാട്ടുകാരിൽനിന്ന് എന്തെന്തെല്ലാം ബുദ്ധിമുട്ടുകളും വിഷമങ്ങളും നേരിടേണ്ടിവരുമെന്ന് നല്ലവണ്ണം മനസ്സിലാകുന്നുണ്ട്. അതിനാൽ നബിമാരോടൊപ്പം(അ)ഒരു നടപടി നടന്നുവരുന്നുണ്ട്. അപ്പോൾ നമുക്കെങ്ങനെയാണ് അതിൽനിന്ന് ഒഴിവാകാൻ കഴിയുക.

നബിമാർക്ക് കഠിനമായ എതിർപ്പുണ്ടാകുന്നു. നമുക്ക് അതുണ്ടാകുന്നുവെങ്കിൽ അതത്ര കാര്യമാക്കാനൊന്നുമില്ല. അതുകൊണ്ട് നമ്മുടെ എതിരാളികളിൽനിന്ന് എന്തൊന്നാണോ കേൾക്കേണ്ടിവരുന്നത് അതേ സുന്നത്തനുസരിച്ചാണിതും! മാ യഅ്ത്തീഹിം മ്മിർറസൂലിൻ ഇല്ലാ കാനൂ ബിഹി യസ്ത്തഹ്സിഊൻ(15:12). പരിഹസിക്കപ്പെടാതെ ഒരു റസൂലും അവരുടെ അടുത്തു വരുന്നില്ല. ഇവർ ശുദ്ധമായ നിയ്യത്തോടുകൂടി എന്റെയടുത്ത് വന്നിരുന്നങ്കിൽ അല്ലാഹു എനിക്കു നല്കിയത് ഞാനവർക്ക് കാണിച്ചുകൊടുക്കുമായിരുന്നു. അല്ലാഹുതന്നെ അവരിൽ ഫള്ൽ ചെയ്യുമായിരുന്നു. അവർക്കു മനസ്സിലാക്കിക്കൊടുക്കുമായിരുന്നു. എന്നാൽ, അവർ പിശുക്കിലൂടേയും അസൂയയിലൂടേയും പ്രവർത്തിച്ചു. ഇനി ഞാനെങ്ങനെയാണ് അവർക്ക് മനസ്സിലാക്കിക്കൊടുക്കുക.

ഇപ്പോൾ 130, 132 വർഷമായി. ഈയാളുകൾ അടയാളം കണ്ടിട്ടും പാഠം പഠിക്കുന്നില്ല. അവിടന്ന്(അ) പറഞ്ഞു:മനുഷ്യൻ സത്യഹൃദയത്തോടുകൂടി സത്യന്വേഷണത്തിനു വരുമ്പോൾ സകല തീരുമാനങ്ങളുമുണ്ടാകുന്നു. പക്ഷേ, ചീത്തപറച്ചിലും ദ്രോഹപ്രവർത്തനവുമാണ് ഉദ്ദേശ്യമെങ്കിൽ ഒന്നുംതന്നെ നടക്കുകയില്ല. ആ മഹാത്മാവ് പറയുന്നു:ഹുജജുൽകിറാമയിൽ ഇബ്നു അറബി പറഞ്ഞിട്ടുള്ളതായി എഴുതിയിരിക്കുന്നു: മസീഹ് മഹ്ദീ വരുമ്പോൾ അദ്ദേഹത്തെ കറ്റുകെട്ടിപ്പറയുന്നവനെന്നും വിവരമില്ലാത്തവനെന്നും പറയുന്നതായിരിക്കും. എത്രത്തോളമെന്നാൽ ദീനിനെ മാറ്റിമറിക്കുന്നവൻ എന്നുവരെ പറയും. ഇപ്പോൾ അങ്ങനെതന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള ആക്ഷേപങ്ങളാണ് എനിക്കെതിരെ ഉന്നയിക്കപ്പെടുന്നത്. ഈ സംശയങ്ങളിൽനിന്ന് മനുഷ്യന് മോക്ഷം പ്രാപിക്കാൻ കഴിയുന്നത് അവൻ തന്റെ ഇജ്തിഹാദിന്റെ ഗ്രന്ഥം മൂടിവെക്കുമ്പോഴാണ്. അതിനുപകരം ഇങ്ങനെ ചിന്തിക്കുക. ഇയാൾ സത്യവാനാണോ അല്ലേ? മനസ്സിലാക്കുന്നതിനുമപ്പുറമായിരിക്കും ചിലകാര്യങ്ങളെന്നതിൽ സംശയമില്ല. പക്ഷേ, ആരാണോ പ്രവാചകന്മാരിൽ വിശ്വസിക്കുന്നത് അവർ സദുദ്ദേശ്യത്തോടും ക്ഷമയോടും സ്ഥൈര്യത്തോടുംകൂടി ഒരു കാലം പ്രതീക്ഷിച്ചിരിക്കുന്നു. അപ്പോൾ അവർക്ക് യഥാർഥ വസ്തുത തുറന്നു കൊടുക്കുന്നു. നബി(സ)തിരുമേനിയുടെ കാലത്ത് സ്വഹാബത്ത് ചോദ്യങ്ങൾ ചോദിക്കുമായിരുന്നില്ല. പ്രത്യുത ആരെങ്കിലും വന്ന് ചോദ്യങ്ങൾ ചോദിക്കാൻ അവർ കാത്തിരിക്കുമായിരുന്നു. അതിൽനിന്ന് അവർ ഫലമെടുക്കുമായിരുന്നു. ഇല്ലെങ്കിൽ മൗനം പാലിച്ച് കുനിഞ്ഞിരിക്കുമായിരുന്നു. ചോദിക്കാൻ തന്റേടം കാണിക്കുമായിരുന്നില്ല. എന്റെ അഭിപ്രായത്തിൽ യഥാർഥമായ മാർഗം ഇതുതന്നെയാണ്. മര്യാദ പാലിക്കുക. നബി(സ)തിരുമേനിയോടു മര്യാദയോടുകൂടി പെരുമാറേണ്ടത് മനസ്സിലാക്കാത്തവനും അതു സ്വായത്തമാക്കാത്തവനും നശിപ്പിക്കപ്പെടുമോ എന്ന ആശങ്കയുണ്ടാകുന്നു.(മൽഫൂദാത്ത് വാള്യം 3, പേജ് 73–75, 1984 പതിപ്പ്)

ഇതു ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ മജ്ലിസിൽ ആളുകൾ ഇരിക്കാറുണ്ടായിരുന്നപ്പോഴുള്ള കാലഘട്ടത്തെ കാര്യമാണ് പറയുന്നത്. ഇന്ന് അവിടത്തെ ഗ്രന്ഥങ്ങൾ കണ്ടുകൊണ്ടും വായിച്ചുകൊണ്ടും തെളിവുകൾ കേട്ടുകൊണ്ടും ഇത്തരത്തിലുള്ള കാര്യങ്ങൾ പറയാറുണ്ട്. പറഞ്ഞു: ഈ വ്യക്തി നബി(സ)തിരുമേനിയോടുള്ള ആദരവ് മനസ്സിലാക്കുന്നില്ല. അയാൾ നശിച്ചുപോകുമോ എന്നആശങ്കയാണുള്ളത്.

അതിനാൽ മുസ്ലിമീങ്ങൾ തങ്ങളുടെ ദൗർഭാഗ്യതകൊണ്ട് ഈ സന്ദേശം കേൾക്കുന്നതിലും മനസ്സിലാക്കുന്നതിലും വലിയ കുതന്ത്രങ്ങൾ പ്രയോഗിക്കുന്നു. അവരുടെ കഷ്ടാവസ്ഥയും അവരെ ഈ ഭാഗത്തേക്ക് ശ്രദ്ധിപ്പിക്കുന്നില്ല. അതായത് എന്തുകാരണത്താലാണ് തങ്ങളുടെ അവസ്ഥ ഇങ്ങനെയായി പ്പോയതെന്ന്. ഒരു ജനത എന്ന നിലയിൽ അവരെന്താണ് ആയിക്കൊണ്ടിരിക്കുന്നത്?കാലവുമുണ്ട്. നബി(സ)തിരുമേനിയുടെ പ്രവചനങ്ങളും പുലർന്നുകൊണ്ടിരിക്കുന്നു. കുറഞ്ഞപക്ഷം വന്ന വാഗ്ദത്താത്മാവിനെക്കുറിച്ച് അന്വേഷിക്കുക. അവിടന്ന്(അ)പറഞ്ഞു: ഞാനല്ലെങ്കിൽ മറ്റാരെങ്കിലും! പക്ഷേ, മറ്റാരേയും നിങ്ങൾക്കു കിട്ടുകയില്ല. നിങ്ങൾ ഭൗതികലോകത്ത് ആപതിച്ച് സകലതും മറന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ, നമ്മുടെ ജോലി അവരെ വീണ്ടും രക്ഷപ്പെടുത്താൻ ശ്രമിക്കുക എന്നതുതന്നെയാണ്. മസീഹ് മൗഊദിന്റെ സന്ദേശം ഓരോരുത്തരിലും എത്തിക്കുക. മുസ്ലിമീങ്ങൾ മാത്രമല്ല. പ്രത്യുത ഏതുമതത്തിൽ വിശ്വസിക്കുന്നവരായാലും അവരിലോരോരുത്തരിലും നിർമതക്കാരിലും ഈ സന്ദേശമെത്തിക്കുക.

ഇപ്പോൾ ഒരുപാടു ജോലി നമ്മൾ ചെയ്യേണ്ടതായിട്ടുണ്ട്. ജർമനിയിൽ ജമാഅത്തിന് നൂറുവർഷം തികഞ്ഞിട്ടും നമുക്ക് മുഴുവൻ ജർമൻകാരനും സന്ദേശമെത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ അടിസ്ഥാനപരമായ കാര്യവും പരിശോധിക്കേണ്ട ആവശ്യമുണ്ട്.

ഇസ്ലാമിന്റെ സന്ദേശമെത്തിക്കുന്നതിനും തബ്ലീഗിലേക്ക് ശ്രദ്ധിക്കുന്നതിനും ശ്രദ്ധക്ഷണിച്ചുകൊണ്ട് അവിടന്ന്(അ) പറയുന്നു: ഈ നേരത്ത് രണ്ടു വലിയ നിർബന്ധമായ ജോലിയാണ് നമുക്കുള്ളത്. ഒന്ന് അറബികളിൽ സന്ദേശം പ്രചരിപ്പിക്കുക. രണ്ടാമത്തേത് യൂറോപ്പിനുമേൽ ന്യായപൂർത്തിവരുത്തുക. അറബികളെന്തുകൊണ്ടെന്നാൽ ആഭ്യന്തരമായി അവർ അവകാശപ്പെട്ടവരാണ്. ഇങ്ങനെയൊരു ജമാഅത്ത് അല്ലാഹു സ്ഥാപിച്ചിട്ടുണ്ടെന്നുള്ള അറിവുപോലും വലിയൊരു വിഭാഗത്തിനും ഉണ്ടായിരിക്കുകയില്ല.


ഇന്ന് സകല അറബികളിലും നമ്മുടെ സന്ദേശമെത്തിയിട്ടില്ലെന്നത് യാഥാർഥ്യമാണ്. മു

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**



ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

മ്പേയുള്ള കാലത്തെ അപേക്ഷിച്ച് പരിശ്രമം ഒരുപാടുണ്ടായി കഴിഞ്ഞിട്ടുണ്ട്. ഇനി അഥവാ സന്ദേശമെത്തിയിട്ടുണ്ടെങ്കിൽത്തന്നെ എതിരാളികൾ മുഖേനയാണ് അതെത്തിയിട്ടുള്ളത്. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പരിഹസിച്ചുകൊണ്ട് ഖാദിയാനി എന്ന് നമ്മെ വിളിച്ച് നമ്മളെ ലോകത്ത് അല്ലെങ്കിൽ അത്തരമാളുകളെ നമ്മെ പരിചയപ്പെടുത്തി. കളവും സാങ്കല്പികവുമായ കഥകൾമെനഞ്ഞ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറിച്ച് ജനങ്ങളോടു പറഞ്ഞു. ഒരു ഭാഗക്കാരുടെ സന്ദേശം അവർക്കെത്തിയിട്ടുണ്ട്. പരിചയപ്പെടുത്തിയിട്ടുണ്ടെങ്കിൽ എതിരാളികൾ മുഖേനയും. പക്ഷേ, നമ്മളിൽനിന്ന് ആധികാരികപരമായുള്ള പരിചയപ്പെടുത്തുലുണ്ടായിട്ടില്ല.

അവിടന്ന് പറഞ്ഞു: ഇതു നമ്മുടെ ഫർളായ കാര്യമാണ്. അവർക്കെത്തിച്ചാലും ഇല്ലെങ്കിലും തെറ്റുകുറ്റമുണ്ടാകും. അപ്രകാരംതന്നെ യൂറോപ്യൻകാർക്കും അവകാശമുണ്ട്. അവരുടെ തെറ്റുകൾ പ്രകടിപ്പിക്കേണ്ടതാണ്. അതായത് അവർ ഒരു മനുഷ്യനെ ദൈവമാക്കി. യഥാർഥ ദൈവത്തിൽനിന്ന് ദൂരത്തുപോയിരിക്കുന്നു. യൂറോപ്പിന്റെ അവസ്ഥ എന്തായെന്നാൽ യഥാർഥത്തിൽ അഖ്ലദ ഇലൽ അർളിന്റെ സാക്ഷാത്കാരമായി. അതായത് അവർ ഭൂമിയിലേക്ക് കുനിഞ്ഞു. ഭൗതികതയല്ലാതെ പൊതുവായ നിലയിൽ ജനങ്ങൾ മറ്റൊരു കാര്യവും ഗൗനിക്കുന്നില്ല. നമ്മുടെ ചിലയാളുകളും ചെറുപ്പക്കാരും അവരുടെ ഈ അഭിവൃദ്ധിയിൽ ആകർഷിതരായിട്ടുണ്ട്. നിങ്ങളെങ്ങോട്ടാണ് പോകുന്നത്? ഇതുകേവലം നാശമല്ലാതെ മറ്റൊന്നുമല്ല എന്നവരോടു പറയുന്നതിനുപകരം ആകർഷിക്കപ്പെടേണ്ട കാര്യമൊന്നുമില്ല. നമ്മൾ തബ്‌ലീഗ് ചെയ്യേണ്ടതാണ്. പറഞ്ഞു: പാശ്ചാത്യരാജ്യങ്ങളിൽ, വികസിത രാജ്യങ്ങളിൽ പലതരത്തിലുള്ള കണ്ടുപിടിത്തങ്ങളും വ്യവസായങ്ങളുമുണ്ടായിക്കൊണ്ടിരിക്കുന്നു. അതിൽ അത്ഭുതപ്പെടരുത്. യൂറോപ്പ് സാങ്കതികശാസ്ത്ര രംഗങ്ങളിൽ പുരോഗതി നേടുന്നുവെന്നും പുരോഗതി ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നും കരുതി മുദ്രപതിപ്പിക്കരുത്. ഇതു നിയമപരമായ കാര്യമാണ്. ആകാശീയമായ അറിവുകളുടെ കവാടങ്ങൾ അടയ്ക്കപ്പെടുമ്പോൾ പിന്നീട് ഭൂമിയിലെ കാര്യങ്ങൾ മാത്രമായിരിക്കും ബുദ്ധിയിൽപ്പെടുക. നബിമാരും മിഷ്യനുകൾ ഉണ്ടാക്കിയിരുന്നുവെന്ന് ഒരിക്കലും സ്ഥാപിക്കപ്പെട്ടിട്ടില്ല. നെട്ടും ബോൾട്ടും ഉണ്ടാക്കിയിരുന്നുവെന്ന്! അല്ലെങ്കിൽ അവരുടെ മുഴുവൻ ശ്രമങ്ങളും ആരോഗ്യപരവും ഭൗതികവുമായ കണ്ടുപിടിത്തങ്ങളിൽ കഴിഞ്ഞിരുന്നുവെന്ന്.(മൽഫൂദാത്ത് വാള്യം 2, പേജ് 253-254, 1984 പതിപ്പ്)

അതുകൊണ്ട് ഇക്കാര്യം നമ്മുടെ ഓരോരുത്തരുടേയും ബുദ്ധിയിൽ തറച്ചിരിക്കേണ്ടതാണ്. നമ്മൾ ഭൗതികത സമ്പാദിക്കുന്നതിനുവേണ്ടി അഹ്മദിയ്യത്ത് സ്വീകരിച്ചിട്ടില്ല. പ്രത്യുത അല്ലാഹുവുമായി ജീവസുറ്റ ബന്ധം സ്ഥാപിക്കുന്നതിനുവേണ്ടിയാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. ഈ സന്ദേശം നമ്മൾ ഭൗതികരായ ആളുകൾക്ക് എത്തിക്കേണ്ട ആവശ്യമുണ്ട്. ഇക്കാര്യമാണ് നമ്മുടെ ഇഹപരലോകം സുവർണമാക്കിത്തീർക്കുന്നത്.

അവിടന്ന് തന്റെ വരവിന്റെ ഉദ്ദേശ്യവും ലക്ഷ്യവും വിവരിച്ചുകൊണ്ടു പറഞ്ഞു: എന്റെ വരവിന്റെ യഥാർഥ ഉദ്ദേശ്യവും ലക്ഷ്യവും തൗഹീദും സൽസ്വഭാവവും ആത്മീയതയും പ്രചരിപ്പിക്കുക എന്നതാണ്. തൗഹീദു കൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിനെ മാത്രം നമ്മുടെ ലക്ഷ്യവും ഉദ്ദേശ്യവും പ്രേമഭാജനവും അനുസരിക്കപ്പെടുന്നവനുമായി ദൃഢഗാഢമായി വിശ്വസിക്കുക എന്നതാണ്. തടിച്ചുകൊഴുത്ത ബിംബാരാധനയിൽനിന്നും അന്യാരാധനയിൽനിന്നും തുടങ്ങി കാര്യഹേതുക്കളെ പൂജിക്കുന്നതിൽനിന്നും അകന്നിരിക്കുക. നമ്മുടെ ആത്മാവിനേയും, അതെന്തൊക്കെയോ ആണെന്ന് മനസ്സിലാക്കുന്നതിൽനിന്ന് അകറ്റിനിറുത്തുക. എല്ലാ കാര്യത്തിലും നമ്മുടെ ആത്മാവിന്റെ ശിർക്കും ചേരരുത്. അതിസൂക്ഷ്മമായ ശിർക്കും ഉണ്ടാകരുത്. ഇതാണ് തൗഹീദ്. ഇതിൽ ലോകം തടവിലായിരിക്കുകയാണ്. ഇപ്പോൾ അതിൽനിന്ന് രക്ഷപ്പെടേണ്ടതുണ്ട്. അഖ്‌ലാഖ് കൊണ്ടുള്ള ഉദ്ദേശ്യം എത്രത്തോളം ശക്തിയാണോ മനുഷ്യൻ കൂടെകൊണ്ടുവന്നിട്ടുള്ളത് അവ സാഹചര്യവും സന്ദർഭവുമനുസരിച്ച് ചെലവഴിക്കുക എന്നതാണ്. ചിലത് പൂർണമായും പാഴാണെന്ന് കരുതി വിട്ടുകളയാൻ പാടില്ല. ചിലതിന്റേമേൽ കൂടുതൽ സമ്മർദം ചെലുത്താനും പാടില്ല. ഉദാഹരണത്തിന് ആരെങ്കിലും കൈ പൂർണമായും മുറിച്ചാൽ അവനിൽ എന്തെങ്കിലും സവിശേഷഗുണമുണ്ടാകുമോ? ഒരിക്കലുമില്ല. പ്രത്യുത സത്യവും സമ്പൂർണവുമായ സ്വഭാവങ്ങളെന്ന് പറയുന്നത് അല്ലാഹു നല്കിയിട്ടുള്ള പഞ്ചേന്ദ്രിയങ്ങളെ അതിന്റെ സാഹചര്യത്തിനും സന്ദർഭത്തിനുമനുസരിച്ച് ചെലവഴിക്കുക എന്നതാണ്. അതിൽ അമിതത്വമോ അതിമിതത്വമോ ഉണ്ടാകാൻ പാടില്ല. ഇഫ്റാത് അഥവാ അമിതത്വം എന്നു പറയുന്നത് ഉദാഹരണത്തിന് ഘ്രാണേന്ദ്രിയത്തിൽ അമിതത്വമുണ്ടെങ്കിൽ രോഗമുണ്ടാകുന്നതാണ്. അതായത് ആ മനുഷ്യന്റെ ഘ്രാണേന്ദ്രിയം മൂർച്ചയുള്ളതാണെങ്കിൽ അവന് അത് ബുദ്ധിമുട്ടുണ്ടാക്കിത്തീർക്കുന്നു. ചിലയാളുകളുടെ സുഗന്ധത്തിന്റെ ഇന്ദ്രിയം മൂർച്ചയുള്ളതായിരിക്കും. അവ കാരണത്താൽ ബുദ്ധിമുട്ടുകളുണ്ടാകാൻ തുടങ്ങുന്നു. തലവേദന തുടങ്ങുന്നു. ഇപ്രകാരംതന്നെ മറ്റുചില സുഗന്ധങ്ങൾ കാരണത്താലും രോഗങ്ങളുണ്ടാകുന്നു. ഇവ മധ്യമനിലയിൽ നിറുത്താൻ ദുആ ചെയ്യേണ്ടതാണ്. അല്ലാഹു എല്ലാ രോഗത്തിൽനിന്നും രക്ഷിക്കുമാറാകട്ടെ; ആത്മീയമായ രോഗത്തിൽനിന്നും!

പറഞ്ഞു: തഫ്‌രീത് ഇതാണ്. ഇന്ദ്രീയ ശക്തികൾക്ക് രോഗം ബാധിക്കുന്നതാണ്. അതിൽനിന്ന് മറ്റു രോഗങ്ങളും ഉണ്ടാകുന്നതാണ്. രോഗങ്ങൾ വർധിക്കുന്നു. തഫ്‌രീത് എന്നാൽ അതിന്റെ ഇന്ദ്രിയം പ്രവർത്തന ക്ഷമമല്ലാതായിത്തീരുന്നു. അതുകൊണ്ട് അമിതത്വമോ അതിമിതത്വമോ അല്ലാത്ത മധ്യമനില സ്വീകരിക്കേണ്ടതാണ്. ഉത്തമമായ സ്വഭാവങ്ങൾ പാലിക്കാനാണ് ഇസ്‌ലാമിൽ കൽപനയുള്ളത്. അവ പാലിക്കാൻ ശ്രമിക്കേണ്ടതാണ്.

പറഞ്ഞു: റൂഹാനിയ്യത്ത് അഥവാ ആത്മീയത കൊണ്ടുള്ള ഉദ്ദേശ്യം ആ ലക്ഷണവും അടയാളവുമാണ്. അല്ലാഹുവിനോടു സത്യസന്ധമായ ബന്ധമുണ്ടാകുമ്പോൾ എല്ലാം ക്രമീകരിക്കപ്പെടുന്നു. ഈ അവസ്ഥകൾ ഉണ്ടാക്കാത്തിടത്തോളം മനുഷ്യന് അത് മനസ്സിലാക്കാൻ സാധിക്കുകയില്ല. എന്നാൽ, യഥാർഥ ഉദ്ദേശ്യം ഇതുതന്നെയാണ്. (മൽഫൂദാത്ത് വാള്യം 2, പേജ് 297, 2022 പതിപ്പ്)

നമ്മെ യഥാർഥ വിശ്വാസികളാക്കുന്ന കാര്യങ്ങളാണിതെല്ലാം. നമ്മൾ ഈ നിലയിലാണോ ഉള്ളതെന്ന് പരിശോധന നടത്തേണ്ട ആവശ്യമുണ്ട്. നമ്മൾ ഈ നിലവാരത്തിലാണോ ഉള്ളത്? നമ്മുടെ ലക്ഷ്യവും ഉദ്ദേശ്യവും എല്ലാത്തിനെക്കാളുമുപരി മഹ്ബൂബ് അല്ലാഹുവിന്റെ സത്തതന്നെയായിരിക്കണം. ഇതില്ലെങ്കിൽ നമ്മൾ നമ്മുടെ ഈമാനിന്റെ ദുർബലമായ ദർജയിലാണുള്ളത്.

അതുകൊണ്ട് അല്ലാഹുവിന്നെതിരിൽ നമ്മുടെ എല്ലാ ഭൗതിക ആഗ്രഹങ്ങളും നിരർഥമാണോ അല്ലേ എന്ന് പരിശോധന നടത്തേണ്ട ആവശ്യമുണ്ട്. ഇതുണ്ടാകുകയാണെങ്കിൽ നമ്മൾ മസ്ജിദിനോടുള്ള കടമ നിറവേറ്റുന്നവരാകും. അതുപോലെതന്നെ നമ്മൾ മസ്ജിദ് നിർമിക്കുമ്പോൾ അതിനെ ജനനിബിഡമാക്കിവെക്കുന്നതിനും ഒരു ചിന്തവേണ്ടതാണ്.

അതുകൊണ്ട് തൗഹീദിന് എത്രത്തോളം തന്റെ മനസ്സിൽ ശക്തിയുണ്ട്, താൽപര്യമുണ്ട് വികാരമുണ്ട് എന്ന് എല്ലാ അഹ്മദികളും ചിന്തിക്കേണ്ടതാണ്. അതുപോലെ ഉൽക്കൃഷ്ടമായ സ്വഭാവങ്ങളുടെ പ്രകടനം സകല അഹ്മദികളിൽനിന്നും ഉണ്ടാകേണ്ടതാണ്. ഈ ഉൽക്കൃഷ്ടമായ സ്വഭാവത്തിനുതന്നെയാണ് നമ്മുടെ സന്ദേശമെത്തിക്കുന്നതിൽ വലിയ പങ്കുവഹിക്കാൻ കഴിയുന്നത്. അപ്പോൾ മാത്രമെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്തിട്ടുള്ള കടമ നിറവേറ്റാൻ നമുക്ക് സധിക്കുകയുള്ളു.വിവിധ മസ്ജിദുകളുടെ ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കാൻ ഞാൻ പോകുമ്പോൾ അഹ്മദികൾക്കു പരിചയമുള്ള ആളുകൾ ഇക്കാര്യം പറയാറുണ്ട്;അഹ്മദികളുടെ സ്വഭാവം നല്ലതാണെന്ന്! പക്ഷേ, ഒരു കുറവു ഞാൻ കണ്ടു. ഇവർ സൽസ്വഭാവം കാണിച്ച് ഇസ്‌ലാമിനേയും അഹ്മദിയ്യത്തിനേയും ശരിയായ നിലയിൽ പരിചയപ്പെടുത്താറില്ല. ഇങ്ങനെ പരിചയപ്പെടുത്തുകയാണെങ്കിൽ പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും ശരിയായ സന്ദേശം യൂറോപ്യന്മാർവരെ, ആ രാജ്യത്തെ ജനങ്ങൾവരെ എത്തിക്കാൻ സാധിക്കുന്നതാണ്.

ഇപ്രകാരം ഉൽക്കൃഷ്ടസ്വഭാവങ്ങളുടെ പ്രകടനം പരസ്പരമുള്ള ബന്ധങ്ങളിലും ഉണ്ടാകേണ്ടതാണ്. മറ്റുള്ളവരോടു മാത്രമല്ല. അവർക്കെന്തായാലും ഉൽക്കൃഷ്ടസ്വഭാവം കാണിച്ചുകൊടുക്കു

(ശേഷം പേജ് 11ൽ)

**• അല്ലാഹുവിന്റെ കലാം: •**

നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക.(വിശുദ്ധ ഖുർആൻ 26:215 – 216)



tectona
feels more confidence
All Types Of Quality Furniture
ദ്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

THE WEEKLY
AL HAKAM
www.alhakam.org

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**2015 ജൂൺ 09 ചൊവ്വാഴ്ച (തുടർച്ച)**

**പത്ര റിപ്പോർട്ടുകൾ (തുടർച്ച)**

(കഴിഞ്ഞ ലക്കം പേജ് 12 കോളം 1-ൽ നിന്ന് തുടർച്ച)......മുമ്പേയുള്ളതിനെക്കാൾ കൂടുതൽ സമൂഹത്തിന്റെ പുരോഗതിയിൽ പങ്കാളികളാകാൻ അഹ്മദികളുടെ ശ്രദ്ധ ഹുദൂർ ക്ഷണിക്കുകയുണ്ടായി. ഈ പുരോഗതിയിൽ പങ്കാളികളായില്ലെങ്കിൽ അതിന്റെ അർഥം നിങ്ങളിൽ സംയോജനം നടന്നിട്ടില്ലെന്നും ഈ രാജ്യത്തോടുള്ള കൂറ് നിങ്ങളുടെ മതത്തിന്റെ ഭാഗമാണെന്നും ഖലീഫത്തുൽ മസീഹ് തന്റെ പ്രഭാഷണത്തിൽ പറഞ്ഞിരുന്നു.

മതങ്ങൾക്കിടയിൽ സ്നേഹത്തോടെയും സഹവർത്തിത്വത്തോടെയും ഇടപെടണമെന്ന് ഹുദൂർ ഉപദേശിച്ചു. ഓരോ മതവും സന്‌ഹേത്തിന്റെയും അനുകമ്പയുടേയും അധ്യാപനവുമായിട്ടാണ് വന്നിട്ടുള്ളതെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ, മനുഷ്യർ പ്രസ്തുത അധ്യാപനങ്ങളെ വഴികേടിലാക്കി. നമ്മൾ കല്ലുകൾകൊണ്ട് മസ്ജിദ് നിർമിച്ചു. പക്ഷേ, നമ്മുടെ ഹൃദയം കല്ലുകൾപോലെ കഠിനതരമാകരുത്.

നഗരത്തിന്റെ മേയർ ക്ലൗസ് ഡാലിംഗെഗൗസും, എം.പി. ഡോക്ടർ ഏ. സ്റ്റീഫൻ സീമറും മസ്ജിദിന്റെ ഉദ്ഘാടനത്തിൽ സന്തോഷം പ്രകടിപ്പിച്ചു.

ഈ വാർത്തയോടൊപ്പം പ്രാർഥനക്കു നേതൃത്വംനല്കുന്ന ഹുദൂറിന്റെ ഫോട്ടോയും പത്രം പ്രസിദ്ധീകരിച്ചിരുന്നു.

ഓൽഡൻബർഗിഷെ വോക്സൈതുംഗ് ദിന പത്രമാണ് ഈ വാർത്ത നലകിയത്. ഇതിന്റെ സർക്കുലേഷൻ 21,306 ആണ്.

* ഒസ്നാബ്രൂക്കർ സൈത്തൂംഗ് എന്ന പത്രം 2015 ജൂൺ 9 ന്റെ പ്രസിദ്ധീകരണത്തിൽ മസ്ജിദ് ബയ്ത്തുൽഖാദിർ ഉദ്ഘാടനത്തെ സംബന്ധിച്ചുള്ള വാർത്ത നല്കി:

നീഡർ സാച്ച്സെനിൽ, ഒരു മുസ്‌ലിം ജമാഅത്ത് പുതിയൊരു മസ്ജിദ് ഉദ്ഘാടനം ചെയ്തു എന്ന വാർത്തയാണ് നല്കിയത്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഈ കെട്ടിടത്തിന് 9 മീറ്റർ ഉയരമുള്ള രണ്ട് മിനാരങ്ങളുണ്ട്. ഒരു ഗുംബദുമുണ്ട്.

ഈ സന്തോഷാവസരത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ആത്മീയനേതാവ് മിർസാ മസ്റൂർ അഹ്മദും പങ്കുകൊണ്ടു. ജർമനിയാകമാനം ഈ ജമാഅത്തിന് 47 മസ്ജിദുകളും 37000 ത്തോളം അംഗങ്ങളുമു ണ്ട്. നീഡർസാച്ച്സെൻ സംസ്ഥാനത്തിൽ സ്റ്റ്റെയ്ഡ്, ഒസ്നാബ്രൂക്ക്, ഹാനോവർ, ബ്രെമെൻ എന്നീ സ്ഥലങ്ങളിൽ അവരുടെ മസ്ജിദുകളുണ്ട്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് തങ്ങളെ ഒരു പരിഷ്കരണ പ്രസ്ഥാനമെന്ന നിലയിലാണ് മനസ്സിലാക്കുന്നത്. 1889-ൽ ഇന്ത്യയിലാണ് ഈ പ്രസ്ഥാനം രൂപംകൊണ്ടത്.

ആദരവോടും സഹവർത്തിത്വത്തോടും വിശാലമനസ്കതയോടുംകൂടി പെരുമാറുന്നതുകൊണ്ട് എല്ലാ വിദ്വേഷങ്ങളും നീക്കാവുന്നതാണെന്ന് വെച്ച്ട നഗരത്തിന്റെ ഡെപ്യൂട്ടി മേയർ പറഞ്ഞു. എല്ലാവർക്കും ഇതുമുഖേന ശാന്തിയോടെ ഐക്യപ്പെടാൻ സാധിക്കുന്നതാണ്.

മറ്റൊരു ദിനപത്രമാണ് ഒസ്നാബ്രൂക്കർ സൈത്തുങ്. ഇതിന്റെ സർക്കുലേഷൻ 159510 ആണ്.

ഇസർലോൺ ബയ്ത്തുസ്സലാം മസ്ജിദിന്റെ ശിലാസ്ഥാപനത്തെ കുറിച്ച് ഡബ്ല്യു. ഡി. ആർ അവരുടെ വെബ്സൈറ്റിൽ വാർത്ത പ്രസിദ്ധീകരിച്ചു. ഈ സംസ്ഥാനത്തെ സുപ്രധാനവും പുരാതനവുമായ ടെലിവിഷൻ നെറ്റ് വർക്കാണ് ഡബ്ല്യു. ഡി. ആർ. 1956 മുതൽ ബ്രോഡ്കാസ്റ്റ് ചെയ്യപ്പെടുന്ന ഈ ചാനൽ ചുവടെ ചേർക്കുന്ന വാർത്ത പ്രസിദ്ധീകരിച്ചു:

ചൊവ്വാഴ്ച ഇസർലോണിൽ മസ്ജിദിന് തറക്കല്ലിട്ടു.ഈ മസ്ജിദ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റേതാണ്. ഇതിന്റെ ഗുംബദിന്റെ വിസ്താരം 8 മീറ്ററാണ്. മിനാരം 12 മീറ്റർ ഉയരമുള്ളതാണ്. ഈ മസ്ജിദിന് ശിലാസ്ഥാപനം നടന്നതോടെ ജമാഅത്തംഗങ്ങൾ വളരെയധികം സന്തോഷത്തിലാണ്. 2010-ൽ ജർമനി അഹ്മദിയ്യാ ജമാഅത്ത് മസ്ജിദ് നിർമാണാനുമതിക്കായി അപേക്ഷ നല്കി. ആ സമയത്ത് എതിർപ്പുണ്ടായി. പക്ഷേ, എതിർത്തവരുടെ അംഗസംഖ്യ കുറവായിരുന്നു. നിയമപരമായ നടപടിക്കു ശ്രമം നടന്നെങ്കിലും തിരസ്കരിക്കപ്പെട്ടു.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തംഗങ്ങൾ ഇസർലോണിനെ സ്വന്തം നാടായി മനസ്സിലാക്കുന്നു. അവർ ഇതര മതങ്ങൾക്കും ക്ഷണം നല്കുകയും ശാന്തിയുടെ അധ്യാപനം സമർപ്പിക്കുകയും ചെയ്യുന്നു. മസ്ജിദിന്റെ ചെലവുകൾ പൂർണമായും സംഭാവനകളിലൂടെയാണ് കണ്ടെത്തിയത്.

**2015 ജൂൺ 10 ബുധനാഴ്ച**

ജർമനിയിൽനിന്ന് നിർഗമനം ലണ്ടനിൽ ആഗമനംരാവിലെ 04.00 മണിക്ക് ഹുദൂർ ഒസ്നാബ്രൂക്കിലെ മസ്ജിദ് ബശാറത്തിൽ സുബ്ഹി നമസ്കരിപ്പിച്ചു. ശേഷം താമസസ്ഥലത്തേക്ക് മടങ്ങി. ഹുദൂർ ഒസ്നാബ്രൂക്കിൽനിന്നു ലണ്ടനിലേക്ക് മടങ്ങുന്ന ദിവസമാണിന്ന്. പ്രാദേശിക ജമാഅത്തിൽനിന്ന് തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറിന് യാത്രയയപ്പ് നല്കാൻ ആബാലവൃദ്ധം ആളുകളും മസ്ജിദിന്റെ പുറത്തുള്ള മൈതാനത്ത് തടിച്ചുകൂടിയിരുന്നു.

രാവിലെ 10.45ന് താമസസ്ഥലത്തുനിന്ന് ഹുദൂർ പുറത്തുവന്നു. കൈക്കുഞ്ഞുങ്ങൾ മുതൽ ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന ഗ്രൂപ്പുകൾവരെ യാത്രാമംഗളഗീതങ്ങൾ ആലപിച്ചുകൊണ്ടിരുന്നു. ഹുദൂർ അവർക്കെല്ലാവർക്കും ചോക്ലേറ്റ് നല്കി. തുടർന്ന് ദുആക്ക് നേതൃത്വം നല്കി.

ദുആക്കുശേഷം എല്ലാവരോടുമായി ഹുദൂർ കൈയ്യുയർത്തി അസ്സലാമുഅലയ്ക്കും പറഞ്ഞു. യാത്രാസംഘം മന്ദം മന്ദം യാത്രയായി. തുടർച്ചയായി ജമാഅത്തംഗങ്ങൾ കൈകൾവീശി തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന് യാത്രാമംഗളങ്ങൾ നേർന്നു. അധികപേരുടേയും കണ്ണുകൾ ഈറനണിഞ്ഞിരുന്നു. വിഷമം അവരുടെ എല്ലാം മുഖത്ത് തളം കെട്ടി നിന്നു.

ഒസ്നാബ്രൂക്കിൽനിന്നു ഫ്രാൻസിലെ ക്ലൈസ് തുറമുഖത്തിലേക്ക് 580 കിലോമീറ്റർ ദൂരമുണ്ട്. ഹോളണ്ട്, ബെൽജിയം കടന്നിട്ടാണ് പോകുന്നത്. ഏകദേശം 360 കിലോമീറ്റർ യാത്രക്കുശേഷം ഉച്ചകഴിഞ്ഞ് 02.00 മണിക്ക് മുമ്പേ ബെൽജിയം ഹൈവേയിൽ സ്ഥിതിചെയ്യുന്ന അർണസ്റ്റ് പ്രദേശത്തെ ഒരു റെസ്റ്റോറന്റിൽ ഉച്ചഭക്ഷണത്തിന് യാത്രാ സംഘം കുറച്ചുസമയം തങ്ങി. യാത്രാ സംഘം ഇവിടെ എത്തുന്നതിനു മുമ്പേ ജർമനിയിൽനിന്നുള്ള ഖുദ്ദാമിന്റെ ഒരു സംഘം ഇവിടെ നമസ്കാരത്തിനും ഭക്ഷണത്തിനുമുള്ള ക്രമീകരണങ്ങൾ ചെയ്യാനെത്തിയിരുന്നു. എല്ലാ ഏർപ്പാടുകളും കൃത്യമായി തയ്യാറായിരുന്നു.

റെസ്റ്റോറന്റിന്റെ ഒരു ഭാഗത്ത് നമസ്കാരത്തിന് തയ്യാറാക്കിയ സ്ഥലത്ത് ഹുദൂറിന്റെ നേതൃത്വത്തിൽ ളുഹർ-അസ്ർ നമസ്കാരങ്ങൾ ജംആക്കി നിർവഹിച്ചു. ഭക്ഷണത്തിനു ശേഷം 03.00 മണിക്ക് ജർമനിയിൽ നിന്നുവന്ന ഖുദ്ദാം സംഘം പ്രിയപ്പെട്ട ഹുദൂറിൽനിന്നു മടക്കത്തിനു മുന്നോടിയായി ഹസ്തദാനം സ്വീകരിച്ചു.

ജർമനി അഹ്മദിയ്യാ ജമാഅത്ത് അമീർ ആദരണീയരായ അബ്ദുല്ലാഹ് വാഗസ് ഹൌസർ സാഹിബ്, മുബല്ലിഗ് ഇൻചാർജ് ഹൈദർ അലി സഫർ സാഹിബ്, ജനറൽ സെക്രട്ടറി ഇൽയാസ് അഹ്മദ് മജൂക്ക സാഹിബ്, അസിസ്റ്റന്റ് ജനറൽസെക്രട്ടറി യഹ് യാ സാഹിബ് , അബ്ദുല്ലാഹ് സുപ്രാഹ് സാഹിബ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദ്ർ തന്റെ ഖുദ്ദാം സെക്യൂരിറ്റി ടീമിനോടൊപ്പവും ഹുദൂറിൽനിന്ന് ഹസ്തദാനം സ്വീകരിച്ച് സായൂജ്യരായി. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു.

03.00 മണിക്ക് ഇവിടെ നിന്ന് ഫ്രാൻസിലെ ക്ലൈസ് തുറമുഖം ലക്ഷ്യമാക്കി സംഘം യാത്ര തുടർന്നു. 125 കിലോമീറ്റർ യാത്രക്കുശേഷം ബെൽജിയം ബോർഡർ ക്രോസ് ചെയ്ത് ഫ്രാൻസിൽ പ്രവേശിച്ചു. ഇവിടെനിന്നു ക്ലൈസ്തുറമുഖം 95 കിലോമീറ്റർ ദൂരത്താണ്.

06.00 മണിക്ക് ചാനൽ ടണലിലെത്തി. ജർമനിയിൽനിന്നു വന്ന ജമാഅത്തംഗങ്ങളും സെക്യൂരിറ്റി ടീമും ഹുദൂറിന് യാത്രാമംഗളം നേർന്ന് യാത്രയയപ്പ് നല്കിയതിനു ശേഷം ഫ്രാങ്ക്ഫർട്ടിലേക്ക് മടങ്ങി.

പാസ്പോർട്ട് , എമിഗ്രേഷൻ, മറ്റുരേഖകളുടെ ക്ലിയറൻസുകൾക്കുശേഷം സംഘത്തിന്റെ

**• ഹദീഥുന്നബവി(സ) •**

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

**• കലാമുൽ ഇമാം: •**

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 220)

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
C.K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

യാത്രാ വാഹനങ്ങൾ നിശ്ചിത പാർക്കിംഗ് ഭാഗത്തുപോയി നിന്നു. ട്രെയിൻ പുറപ്പെടുന്നതിന് കുറച്ചുസമയം കൂടി ശേഷിച്ചിരുന്നു. ഹുദൂർ വാത്സല്യത്തോടെ കുറച്ചു സമയം വണ്ടിയിൽ നിന്നു പുറത്തുവന്നു.

06.40ന് യാത്രാ സംഘത്തിന്റെ വാഹനങ്ങൾ ട്രെയിനിൽ ബോർഡിംഗ് ചെയ്യപ്പെട്ടു. ട്രെയിൻ പുറപ്പെടുന്ന സമയമായ 06.40ന് ക്ലൈയ്സിൽ നിന്നു ബ്രിട്ടന്റെ തീരദേശപട്ടണമായ ഡോവറിലേക്ക് പുറപ്പെട്ടു. ഏകദേശം അരമണിക്കൂർ യാത്രക്കുശേഷം ചാനൽടണൽക്രോസ് ചെയ്തു ഡോവറിനു സമീപത്തുള്ള ബ്രിട്ടനിന്റെ അതിർത്തിയിൽ പ്രവേശിച്ചു. നിശ്ചിത സ്റ്റേഷനിൽ ട്രെയിൻ നിന്നു. ഏകദേശം പത്ത് മിനിറ്റിനുള്ളിൽ ഫ്രാൻസ് സമയം 07.30ന് ബ്രിട്ടന്റെ സമയം 06.30ന് യാത്രാ സംഘത്തിന്റെ വാഹനങ്ങൾ ട്രെയിനിൽനിന്നു പുറത്തുവന്നു. തുടർന്ന് ഹൈവേയിലൂടെ യാത്ര തുടർന്നു.

യൂ.കെ അമീർ സാഹിബും മുബല്ലിഗ് ഇൻചാർജും സെക്യൂരിറ്റി ടീമും മറ്റു ജമാഅത്തു ഭാരവാഹികളും ചേർന്ന് ഹുദൂർ അൻവറിനെ സ്വീകരിച്ചു.

ഏകദേശം ഒന്നര മണിക്കൂർ യാത്രക്കുശേഷം വൈകുന്നേരം 08.30-ന് മസ്ജിദ് ഫള്‌ലിലെത്തിയ ഹുദൂറിനെ വരവേൽക്കാൻ ജമാഅത്തിന്റെ സ്ത്രീ- പുരുഷന്മാർ അടങ്ങുന്ന വലിയൊരു ജനാവലി കാത്തു നിന്നിരുന്നു. അഹ്‌ലൻ വ്വ സഹ്‌ലൻ വ്വ മർഹബാ ആശംസകളോടെ പ്രിയപ്പെട്ട ഹുദൂറിനെ വരവേറ്റു.

ഹുദൂർ കൈയ്യുയർത്തി എല്ലാവരോടുമായി അസ്സലാമു അലയ്ക്കും പറഞ്ഞു. താമസസ്ഥലത്തേക്ക് പോയി.

അനുഗൃഹീതനായ ഹുദൂർ അൻവറിന്റെ ഈ പര്യടനം ഉന്നതനായ അല്ലാഹുവിന്റെ സീമാതീതമായ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടിക്കൊണ്ട് സമംഗളം പരിസമാപിച്ചു.

# മുഹമ്മദു നബി(സ) അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവൻ എന്ന നിലയിൽ

**ഹാഫിള് മുസഫ്ഫർ അഹ്മദ്**

**ഹസ്യമായ തബ്‌ലീഗ്:**

*കഴിഞ്ഞലക്കം തുടർച്ച*: തുടക്കത്തിൽ നബി(സ)തിരുമേനി രഹസ്യമായ നിലയിൽ വ്യക്തിഗതമായ പ്രബോധനമാണ് നടത്തിയിരുന്നത്. ഹദ്റത്ത് അബൂബക്ർറും(റ)ഇസ്‌ലാം സ്വീകരിച്ച ശേഷം തന്റെ ജനതയിലെ വിശ്വസ്തരായ ആളുകൾക്ക് സത്യസന്ദേശമെത്തിക്കാൻ തുടങ്ങി. അതിൽ വിജയം കരസ്ഥമാക്കുകയും ചെയ്തു. പിന്നീട് വിളക്കിൽനിന്ന് വിളക്ക് പ്രകാശിക്കാൻ തുടങ്ങി. ഹദ്റത്ത് അബൂബക്ർ മുഖേന ഖുറയ്ശികളിലെ കുറച്ച് യുവാക്കൾ വിശ്വസിച്ചു. ആ ഇസ്‌ലാം സ്വീകരിച്ചവരിൽ അബൂബക്ർ(റ)ന്റെ സ്വഭാവത്തിന്റെ പകർപ്പ് കാണാൻ കഴിയുന്നു. അവരിൽ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ, ഹദ്റത്ത് അബ്ദുർറഹ്മാൻബിൻ ഔഫ്, ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്, ഹദ്റത്ത് സുബയ്ർ ബിൻ അൽഅവ്വാം, ഹദ്റത്ത് ത്വൽഹ ബിൻ അബ്ദുല്ലാഹ് എന്നിവർ പെടുന്നു. ഇവർക്ക് നബി(സ)തിരുമേനി ഇവരുടെ ജീവിതകാലത്തുതന്നെ സ്വർഗത്തെ സംബന്ധിച്ച് സുവാർത്ത അറിയിക്കുകയുണ്ടായി. അവർക്കുപുറമെ ഹ്ദറത്ത് ബിലാൽ(റ)ലും കുറച്ചു വേറെ അടിമകളും ഇക്കാലത്ത് വിശ്വസിച്ചിരുന്നു.

ബന്ധുക്കളോടു പൊതുവായ തബ്‌ലീഗിന്റെ തുടക്കം

മൂന്നു വർഷത്തിനുശേഷം നിർദേശമുണ്ടായി, ഫസ്ദഅ് ബിമാ തുഅ്മുറു വ അഅ്രിള് അനിൽ മുശ്‌രികീൻ(15:95).അതിനാൽ നിന്നോടു ആജ്ഞാപിക്കപ്പെടുന്നത് നീ പരസ്യമായി പ്രഖ്യാപിക്കുക. അന്യാരാധകരിൽനിന്ന് വിട്ടുമാറുകയും ചെയ്യുക. അതിനോടൊപ്പംതന്നെ യുക്തിപരമായ ഈ നിർദേശവുമുണ്ടായി. നിന്റെ അടുത്ത ബന്ധുക്കളിൽനിന്ന് അതിന് തുടക്കം കുറിക്കുക. പറഞ്ഞു:വ അൻദിർ അശീറത്തക്കൽ അഖ്റബീന വഖ്ഫിള് ജനാഹക്ക ലിമനിത്തബഅക്ക മിനൽമുഅ്മിനീൻ നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക.(26:215-216)

ബന്ധുക്കൾക്ക് തബ്‌ലിഗും സത്യസന്ദേശവും സ്വീകരിച്ചവരിൽനിന്ന് സൽപെരുമാറ്റത്തിന്റെ കൽപന അഗാധമായ യുക്തി ഉൾക്കൊള്ളുന്നതാണ്. അതൊരു പരിശുദ്ധ ജമാഅത്തിന്റെ സംസ്ഥാപനത്തിന് അങ്ങേയറ്റം അനിവാര്യമാണ്. ഈ കൽപന അതുപോലെ പൂർത്തിയാക്കുന്നതിന് നബി(സ)തിരുമേനി ആദ്യമായി തന്റെ കുടുംബക്കാരെ സ്വഫാ മലയിൽ സംഘടിപ്പിക്കാനും അതിരാവിലെ സ്വഫാ മലയിൽ കയറി വിളംബരം ചെയ്യാനും തീരുമാനിച്ചു. അറബികളുടെ സമ്പ്രദായമനുസരിച്ച് എന്തെങ്കിലും പെട്ടെന്നുണ്ടാകുന്ന വിപത്തിൽ സഹായത്തിന് ആളുകളെ സംഘടിപ്പിക്കാനുള്ള മാർഗമായിരുന്നു ഇത്. അങ്ങനെ നബി(സ)തിരുമേനി ഖുറയ്ശ് ഗോത്രങ്ങളുടെ പേരെടുത്ത് വിളിച്ചുകൊണ്ടു പറഞ്ഞു:അബ്ദുൽ മുത്ത്വലിബിന്റെ മക്കളേ!അബ്ദുമനാഫിന്റെ മക്കളേ! പിന്നീട് ചെറിയ ഗോത്രങ്ങളുടെ പേരെടുത്ത് വിളിച്ചു. ആദ്യം ജനങ്ങൾ കണ്ടത് വലിയ അപകടമൊന്നുമില്ലാത്തതാണ്. എന്നാൽ, മുഹമ്മദു വിളിക്കുന്നതു കണ്ടപ്പോൾ അദ്ദേഹത്തിന്റെ ശബ്ദത്തിൽ അവർ സ്വഫാ മലയിൽ ഒരുമിച്ചുകൂടി. സ്വയം വരാൻ കഴിയാത്തവർ എന്താണ് കാര്യമെന്നറിയാൻ അവരുടെ ദൂതനെ അയച്ചു. നബി(സ)തിരുമേനി സ്വഫാ മലയിൽനിന്ന് അവരെ ഇങ്ങനെ സംബോധന ചെയ്തു:ഞാനൊരു മുന്നറിയിപ്പു നല്കുന്നവനാണ്. എന്റേയും നിങ്ങളുടേയും ഉദാഹരണം, ആക്രമിക്കുന്ന ശത്രുവിനെ കണ്ട് തന്റെ കുടുംബത്തെ ജാഗരൂകരാക്കാൻ പോകുന്ന ഒരാളെപ്പോലെയാണ്. എന്നാൽ, തന്റെ കാര്യം അവർ അംഗീകരിക്കുകയില്ലെന്ന ഭയവും അയാൾക്കുണ്ട്. അയാളാണെങ്കിൽ മുറവിളികൂട്ടിക്കൂട്ടി എല്ലാവരേയും സഹായത്തിനു വിളിക്കാൻ തുടങ്ങുകയും ചെയ്യുന്നു.

ഈ അവസരത്തിൽ നബി(സ)തിരുമേനി തന്റെ ബന്ധുമിത്രാദികളോടു, തന്നെക്കുറിച്ചുള്ള അഭിപ്രായവും കരസ്ഥമാക്കി. അവിടന്ന് ചോദിച്ചു:ഈ മലയുടെ പിന്നിൽ നിങ്ങളുടെമേൽ ആക്രമണം നടത്താൻ ഒരു സൈന്യമുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ സത്യപ്പെടുത്തുമോ?

അവർ പറഞ്ഞു:എന്തുകൊണ്ടില്ല!അങ്ങ് പറഞ്ഞ കാര്യം ഞങ്ങൾ തീർച്ചയായും വിശ്വസിക്കും. കാരണം ഇന്നേവരെ അങ്ങ് എന്തെങ്കിലും കളവ് പറഞ്ഞിട്ടുള്ളതായി ഞങ്ങൾക്കറിയില്ല. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:ഞാൻ നിങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നു. അവന്റെ ശിക്ഷയെ കുറിച്ച് മുന്നറിയിപ്പു നല്കുന്നു.

അവിടന്ന് ഇങ്ങനേയും പറഞ്ഞു:നിന്റെ അടുത്ത ബന്ധുക്കൾക്ക് ഈ സന്ദേശമെത്തിക്കാനും എന്നോടു അല്ലാഹു കൽപിച്ചിരിക്കുന്നു. അതുകൊണ്ട് ഓർമിക്കുക, നിങ്ങൾ തൗഹീദിന്റെ കലിമ ലാ ഇലാഹ ഇല്ലല്ലാഹ് ഏറ്റു പറയാത്തിടത്തോളം എന്തെങ്കിലും ഭൗതികമായ നേട്ടം നിങ്ങൾക്കുണ്ടാക്കിത്തരാൻ എനിക്ക് കഴിവില്ല, പരലോകത്തെ എന്തെങ്കിലും ഭാഗം നിങ്ങൾക്കു തരാനും എനിക്ക് കഴിയുകയില്ല. ഈ അവസരത്തിൽ അബൂലഹബ് ദ്വേഷ്യപ്പെട്ട് തെറി പറഞ്ഞുകൊണ്ട് എഴുന്നേല്ക്കുകയും ജനക്കൂട്ടം ചിതറിപ്പോകുകയും ചെയ്തു.

ഹദ്റത്ത് അലി(റ)യിൽനിന്ന് നിവേദനം. ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കാൻ നിർദേശമുണ്ടായപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:എന്റെ മനസ്സിൽ ഭയമുണ്ടായി. ഞാൻ എന്റെ കുടുംബാംഗങ്ങളിൽ പ്രബോധനം ചെയ്യാൻ തുടങ്ങുമ്പോഴെല്ലാം അവരിൽനിന്ന് നല്ല പ്രതികരണം ഉണ്ടായിട്ടില്ലെന്ന് എനിക്ക് നന്നായിട്ടറിയാമായിരുന്നു. കുറച്ചുകാലം അതുകൊണ്ടു ഞാൻ മൗനം പാലിച്ചു. അപ്പോൾ ജിബ് രീൽ(അ)എന്റെയടുത്തുവന്നു പറഞ്ഞു:അങ്ങ് ദൈവകൽപന പാലിക്കുന്നില്ലെങ്കിൽ അങ്ങയുടെ റബ്ബ് അങ്ങയേയും പിടിക്കുന്നതാണ്. അപ്പോൾ നബി(സ)തിരുമേനി ഹദ്റത്ത് അലിയോടു പറഞ്ഞു:ഒരു സദ്യയ്ക്കുള്ള ഏർപാടു ചെയ്യുക. അതിൽ ആട്ടിൻകാലിന്റെ സൂപ്പും റൊട്ടിയും കൊടുക്കാൻ ഏർപാടാക്കുക. സത്യസന്ദേശമെത്തിക്കുന്നതിന് ബനീ മുത്ത്വലിബിന്റെ കുടുംബക്കാരെയെല്ലാം ക്ഷണിക്കുക.

ഹദ്റത്ത് അലി(റ)നിർദേശമനുസരിച്ച് ഏർപാടുകൾ ചെയ്തു. കുടുംബത്തിലെ നാൽപതുപേരെക്ഷണിച്ചു. അതിൽ നബി(സ)തിരുമേനിയുടെ പിതൃവ്യന്മാരെല്ലാവരും, അബൂത്വാലിബ്, ഹംസത്ത്, അബ്ബാസ്, അബൂലഹബും ഉൾപ്പെട്ടിരുന്നു. നബി(സ)തിരുമേനി സ്വയംതന്നെ കറി വാവട്ടമുള്ള ഒരു പാത്രത്തിലെടുത്ത് അല്ലാഹുവിന്റെ നാമത്തിൽ തിന്നുതുടങ്ങുക എന്നുപറഞ്ഞു. അല്ലാഹു ഭക്ഷണത്തിൽ നല്ലവണ്ണം ബർക്കത്തിട്ടു. എല്ലാവരും വയറുനിറയെ തിന്നു. പിന്നീട് പാൽ നല്കപ്പെട്ടു. അതിലും എത്രമാത്രം ബർക്കത്തുണ്ടായെന്നാൽ എല്ലാവരും വയറുനിറയെ കുടിച്ചു. പിന്നീട് നബി(സ)തിരുമേനി സംസാരിക്കാൻ തുടങ്ങിയപ്പോൾ അവിടത്തെ പിതൃവ്യൻ അബൂലഹബ് ആദ്യംതന്നെ സംസാരിക്കാൻ തുടങ്ങി. പറഞ്ഞു: നിങ്ങളുടെ കൂട്ടുകാരൻ നിങ്ങളുടമേൽ ഇന്ദ്രജാലം ചെയ്തിരിക്കുന്നു. അപ്പോൾ ആളുകൾ പിരിഞ്ഞു പോയി. നബി(സ)തിരുമേനിക്ക് ആ ദിവസം സന്ദേശമെത്തിക്കാൻ കഴിഞ്ഞില്ല.

നബി(സ)തിരുമേനി ഹദ്റത്ത് അലിയോടു പറഞ്ഞു, ഇപ്രാവശ്യം ഈയാൾ(അബൂലഹബ്)സംസാരിക്കുന്നതിൽ എന്നെക്കാൾ മുന്നിലായി. ഇനി രണ്ടാമതും ഒരു സദ്യ ഒരുക്കുക. അതിൽ തിരഞ്ഞെടുക്കപ്പെട്ട 40 കുടുംബാംഗങ്ങളെ പങ്കെടുപ്പിക്കുക.

ഹദ്റത്ത് അലി(റ)പറയുന്നു: ഞാൻ രണ്ടാം വട്ടവും സദ്യയ്ക്കുള്ള ഏർപാടു ചെയ്തു. എല്ലാവരും ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോൾ നബി(സ) തിരുമേനി പ്രസംഗത്തിൽ പറഞ്ഞു:അബ്ദുൽ മുത്ത്വലിബിന്റെ മക്കളേ!അല്ലാഹുവാണ!ഞാൻ നിങ്ങളുടെ അടുത്തു കൊണ്ടുവന്നതിനെക്കാൾ ഉന്നതവും ഗംഭീരവുമായ സന്ദേശം ഒരു അറബിയുവാവും തന്റെ ജനതയ്ക്കായി കൊണ്ടുവന്നിട്ടില്ല. ഞാൻ നിങ്ങളുടെ അടുത്ത് ഇഹലോകത്തേയും പരലോകത്തേയും നന്മയുമായാണ് വന്നിട്ടുള്ളത്. നിങ്ങളെ അതിലേക്ക് വിളിക്കാൻ എന്റെ റബ്ബ് എനിക്കു കൽപന നല്കിയിരിക്കുന്നു. ഇക്കാര്യത്തിൽ എന്നെ സഹായിക്കാൻ

നിങ്ങളിലാരാണുള്ളത്? ആരാണ് മതപരമായ സാഹോദര്യബന്ധം ഞാനുമായി കൂട്ടിച്ചർക്കാനുള്ളത്?

എല്ലാവരും നിശബ്ദരായിരുന്നു. കുട്ടിയായ അലി എഴുന്നേറ്റു പറഞ്ഞു:അല്ലാഹുവിന്റെ നബിയേ! ഞാൻ ഹാജറാണ്. എന്നാൽ, മറ്റുള്ളവർ ചിരിച്ചുകൊണ്ട് എഴുന്നേറ്റുപോയി.

പൊതുക്ഷണത്തിന്റെ കൽപന ഉണ്ടായിട്ടും അന്യാരാധകരിൽനിന്ന് മുഖംതിരിക്കുക എന്ന കൽപനയിലും അഗാധമായൊരു യുക്തിയുണ്ടായിരുന്നു. ഇതിന്റെ ഉദ്ദേശ്യം ആരാണോ ശിർക്കിൽ ശക്തമായി നിലകൊള്ളുന്നത് തുടക്കമെന്ന നിലയിൽ അവരെ അവഗണിക്കുക യുക്തി സംഗതമാണ്. രണ്ടാമത്തെ യുക്തി എന്ന് പറയുന്നത് എതിർപ്പിന്റെ ലാവ ക്ഷണത്തിൽ പൊട്ടി ഒഴുകരുത്. മൂന്നാമത്തേത് ഈ നിർദേശത്തിൽ മറഞ്ഞിരുന്ന സന്ദേശം ഏതൊരു സൽപ്രകൃതകാർക്കാണോ ആദ്യമെതന്നെ തൗഹീദിലേക്ക് ചായ്‌വും ശിർക്കിനോടു വെറുപ്പുമുള്ളത് ആദ്യം അവരുമായി ബന്ധപ്പെടുക എന്നതുമായിരുന്നു. ഇസ്‌ലാമിന്റെ ആദ്യത്തെ ദാറുത്തബ്‌ലീഗ് ദാറുഅർഖം

ഹദ്റത്ത് അർഖം ബിൻ അർഖം ഇസ്‌ലാം സ്വീകരിച്ചവരിൽ പതിനൊന്നാമനായിരുന്നു. അദ്ദേഹത്തിന്റെ വീട് മക്കയിൽ സ്വഫാ മലയിലായിരുന്നു. (സ്വഫായിൽനിന്നാണ് സയീ ആരംഭിക്കുന്നത്. കഅ്ബയുടെ തൊട്ടടുത്തുതന്നെയാണ് ഇതുള്ളത്)ഇസ്‌ലാമിന്റെ ആരംഭകാലത്ത് മുസ്‌ലിമീങ്ങൾക്ക് ഒരു കേന്ദ്രമുണ്ടാകണമെന്ന് തോന്നിത്തുടങ്ങി. ഹദ്റത്ത് അർഖം(റ)തന്റെ ഈ വീട് സമർപിച്ചു. അതിന് മുസ്‌ലിമീങ്ങളുടെ ആദ്യകേന്ദ്രമാകാനുള്ള ഭാഗ്യം കിട്ടി. ഇവിടെ നബി(സ)തിരുമേനി ഖുറയ്ശികളറിയാതെ ഒരു കാലംവരെ രഹസ്യമായ നിലയിൽ ആളുകളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. അങ്ങനെ മുസ്‌ലിമീങ്ങളുടെ അംഗസംഖ്യ നാൽപതായി. ഹദ്റത്ത് ഉമറും ഇസ്‌ലാം സ്വീകരിച്ചു. അതോടെ പരസ്യമായ നിലയിൽ തബ്‌ലീഗും ആരാധനയും ആരംഭിച്ചു.(ഇബ്നുഹിശാം)

പൊതുജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ തുടങ്ങിയപ്പോൾ കുറച്ചു യുവാക്കളും ദുർബലരും ഈ സന്ദേശം സ്വീകരിക്കാൻ തുടങ്ങി. അങ്ങനെ എണ്ണം മെല്ലെ മെല്ലെ വർധിക്കാൻ തുടങ്ങി. പ്രാരംഭ തബ്‌ലീഗിൽ അടിസ്ഥാനപരമായ സത്യസന്ദേശത്തിന്റെ കർമപരമായ യുക്തി മുന്നിൽ കണ്ട് തൗഹീദ് ഏറ്റുപറയുന്നതിനും അല്ലാഹുവിനെ ആരാധിക്കുന്നതിനോടുമൊപ്പം ബന്ധുക്കളോടു നല്ലരീതിയിൽ പെരുമാറണമെന്ന അധ്യാപനത്തിലേക്കുമാണ് വിളിച്ചിരുന്നത്. അതുകൊണ്ട് ഖുറയ്ശികളിൽനിന്ന് പ്രത്യേകിച്ച് തടസ്സങ്ങളൊന്നുമുണ്ടായിരുന്നില്ല. സംഘടിച്ചുള്ള എതിർപ്പും അപ്പോൾ തുടങ്ങിയിരുന്നില്ല. എന്നാൽ, നബി(സ)തിരുമേനി ഖുറയ്ശികളുടെ മജ്‌ലിസ് നടക്കുന്നതിനടുത്തൂടെ പോകുമ്പോൾ നബിയെ ഉന്നംവച്ചു, അബ്ദുൽമുത്വലിബിന്റെ ഈ മകനിൽ ആകാശത്തുനിന്ന് വെളിപാടിറങ്ങുന്നുവെന്ന് പറയുമായിരുന്നു.

ഇതിനുശേഷം നബി(സ)തിരുമേനി തൗഹീദിന്റെ തബ്‌ലീഗിനോടൊപ്പം ബിംബാരാധന നടത്തരുതെന്ന് പറയാനൻ തുടങ്ങിയ കാലവും വന്നു. ഏതൊരു ബിംബങ്ങളെയാണോ അവർ ആരാധിച്ചിരുന്നത് അവയുടെ നഷ്ടങ്ങളും ന്യൂനതകളും തുറന്നു പറയാൻ തുടങ്ങി. അപ്പോഴാണ് അന്യാരാധകർ നബി(സ)തിരുമേനിയെ എതിർക്കാൻ തുടങ്ങിയത്.

ഈ എതിർപിന്റെ രണ്ടാമത്തെ വലിയ കാരണം സർദാർമാർക്ക് തങ്ങളുടെ ഭരണകൂടത്തിന്, സ്റ്റേയ്റ്റിന് ഉണ്ടാകുന്ന ഭീഷണിയായിരുന്നു. ഖുറയ്ശീ ഗോത്രങ്ങളുടെ പരസ്പരമുള്ള കിടമത്സരവുമുണ്ടായിരുന്നു. മക്കയിലെ ബുദ്ധിജീവിയായ അബുജഹ്ൽ നബി(സ)തിരുമേനിയുടെ വാദത്തെ സത്യം അറിഞ്ഞിട്ടും സ്വീകരിക്കാതിരുന്നത്, ഹാശിം ഗോത്രം ഉമയ്യ ഗോത്രത്തെക്കാൾ മുൻകടന്നുപോകുമെന്നുള്ളതുകൊണ്ടായിരുന്നു. മക്കയുടെ നേതാവ് അബൂജഹ്‌ലിന്റെ ക്ഷണം:

**(തുടരും)**

---

(പേജ് 8 ൽനിന്ന്)

കയും വീട്ടിലും നമ്മുടെ സമൂഹത്തിലും ഒരു വിപ്ലവമുണ്ടാക്കുകയും വേണം. അതുകൊണ്ടു ഇക്കാര്യങ്ങളാണ് ഉൽക്കൃഷ്ട സ്വഭാവത്തെ സംബന്ധിച്ച് നമ്മുടെ മുമ്പിൽ വെക്കേണ്ടത്. ഈ ഉൽക്കൃഷ്ട സ്വഭാവങ്ങൾ ഉണ്ടാക്കാനാണ് നബി(സതിരുമേനിയുടെ സേവകനായി ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്നിട്ടുള്ളത്. ഇവിടെയാണ് റൂഹാനിയ്യത്തിന്റെ നിലവാരത്തിന്റെ ഫലം ക്രമീകരിക്കപ്പെടുന്നത്. അപ്പോഴാണ് വെളിപ്പെടുന്നത്. അപ്പോഴാണ് അതിനെക്കുറിച്ച് അറിയപ്പെടുന്നത്. അതായത് റൂഹാനിയ്യത്തുണ്ടായെന്ന്! അപ്പോൾ അല്ലാഹുവിനോടുള്ള കടമകളുടേയും മനുഷ്യരോടുള്ള കടമകളുടേയും ഉന്നതമായ നില സ്ഥാപിതമാകുന്നതായിരിക്കും. നമ്മുടെ ആളുകളും മറ്റുള്ളവരും ഒരു സൗന്ദര്യം നമ്മുടെ ഉള്ളിൽ കാണുന്നുണ്ടായിരിക്കും. നമ്മുടെ മക്കൾ നമ്മളിൽനിന്ന് പാഠം സ്വായത്തമാക്കുന്നവരായിത്തീരും. അപ്പോഴാണ് നമുക്ക് പറയാൻ കഴിയുന്നത് നമ്മൾ ഈ നില കരസ്ഥമാക്കുന്നവരാണെന്ന്!

തങ്ങളുടെ അടുത്ത വർഷത്തെ ടാർഗറ്റെന്താണെന്ന് ജർമനീ അമീർ സാഹിബ് കഴിഞ്ഞ ദിവസം എന്നോടു ചോദിക്കുകയായിരുന്നു. ആദ്യത്തെ കാര്യം ഏതൊരു കുറച്ചുകാര്യങ്ങളാണോ ഞാൻ പറഞ്ഞത് അത് മുഴുവൻ കാര്യങ്ങളല്ല. കുറച്ചുകാര്യങ്ങളാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മുടെ ശ്രദ്ധ ക്ഷണിച്ച കാര്യങ്ങൾ നമ്മൾ ഈ കഴിഞ്ഞ നൂറ്റാണ്ടിൽ കരസ്ഥമാക്കിയോ? അല്ലാഹുവിനോടു നമുക്ക് ദൃഢഗാഢമായ വിശ്വാസമുണ്ടായോ? നമ്മുടെ നമസ്കാരത്തിൽ ഉന്നതമായ നിലവാരം സ്ഥാപിതമായോ? നമസ്കാരസമയങ്ങളിൽ ഭൗതികമായ കാര്യങ്ങൾ വിട്ടിട്ട് നമ്മൾ ഹാജരാകാറുണ്ടോ? അല്ലെങ്കിൽ മസ്ജിദുകൾ നിർമിക്കുന്നതിൽ മാത്രമാണോ ശക്തി ചെലുത്തുന്നത്? നമ്മൾ പതിവായി വിശുദ്ധ ഖുർആൻ പാരായാണം ചെയ്യാറുണ്ടോ? നമ്മൾ വിശുദ്ധ ഖുർആനിലെ കല്പനകൾ അന്വേഷിച്ച് കണ്ടെത്തി അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുന്നുണ്ടോ? നമ്മൾ നമ്മുടെ കുട്ടികളെ ദീനുമായി ബന്ധിപ്പിക്കുന്നതിന് പൂർണമായും ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടോ? കുട്ടികൾക്ക് ഭൗതികവിദ്യഭ്യാസം നല്കണമെന്ന ചിന്ത മാത്രമാണോ നമുക്കുള്ളത്? അവരുടെ ദീനിനെ കുറിച്ചുള്ള ചിന്തയുണ്ടോ? നമ്മുടെ ഉൽക്കൃഷ്ടസ്വഭാവങ്ങൾ പരസ്പരബന്ധങ്ങളിൽ റുഹ്മാഉ ബയ്നഹും(48:30)എന്നതിന്റെ നിലവാരം കരസ്ഥമാക്കി കഴിഞ്ഞുവോ? അതിന്റെ ഉദ്ദേശ്യം നമ്മൾ കാഴ്ചവെച്ചിട്ടുണ്ടോ? അന്യരിൽ ഉൽക്കൃഷ്ട സ്വഭാവങ്ങൾ പ്രകടിപ്പിച്ച് അവരെ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനത്തെ കുറിച്ച് അറിയിച്ചുകൊടുത്തിട്ടുണ്ടോ?അല്ലെങ്കിൽ എവിടെയെങ്കിലും മാത്രം ഉൽക്കൃഷ്ടസ്വഭാവം കാണിച്ച് നമ്മൾ പൂർണമായും സമാധാനത്തിലാണെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നുണ്ടോ?

ധാരാളം സ്ഥലങ്ങളിൽ അന്യരോടെന്തെങ്കിലും പറയാനവസരം കിട്ടുമ്പോൾ മിക്കവരും പറഞ്ഞത് ഇസ്‌ലാമിന്റെ ഈ മനോഹരമായ അധ്യാപനം ആദ്യമായാണ് തങ്ങൾക്ക് കിട്ടിയതെന്നാണ്. ഇതിൽനിന്ന് വ്യക്തമായും പ്രകടമാകുന്നത് നിങ്ങൾ നിങ്ങളുടെ ബന്ധങ്ങളും ഉൽക്കൃഷ്ടസ്വഭാവങ്ങളും ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കുന്നതിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നില്ലെന്നാണ്; എപ്രകാരമാണോ ചെയ്യേണ്ടത് അപ്രകാരം! ലക്ഷക്കണക്കിന് നോട്ടീസുകൾ വിതരണം ചെയ്തിട്ട് എന്തു ഫലമാണുണ്ടായത്? ഇതുമുഖേന ഇസ്‌ലാമികാധ്യാപനത്തിന്റെ പരിചയപ്പെടുത്തൽത്തന്നെ ജനങ്ങളിലുണ്ടായിട്ടില്ല.

അതുകൊണ്ട് ആദ്യം പരിശോധിക്കുക. അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമകളുടെ നിലവാരങ്ങൾ എത്രത്തോളം നമ്മൾ കരസ്ഥമാക്കി. കരസ്ഥമാക്കിയിട്ടുണ്ടെങ്കിൽ-എന്റെ അഭിപ്രായത്തിൽ ഇപ്പോൾ കരസ്ഥമാക്കിയിട്ടില്ല-ആത്മപരിശോധന നടത്തിയാൽ അറിയാൻ കഴിയും. ഞാൻ പറയേണ്ട ആവശ്യമില്ല. അപ്പോൾപ്പിന്നെ അടുത്ത നൂറ്റാണ്ടിലെ പുതിയ ടാർഗറ്റ് എന്തിന്?

അടുത്ത നൂറ്റാണ്ടിലെ ടാർഗറ്റ് ഈ ഹ്രസ്വമായ പ്രവർത്തനരൂപരേഖയാണ്. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാർഗനിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ വിവരിച്ചതാണ്. നമ്മൾ ലോകത്തെ ജയിച്ചടക്കുമെന്ന വാദവുമായി എഴുന്നേറ്റതാണ്. ഈ ലോകത്തെ അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്നവരാക്കണം. ലോകത്തെ നബി(സ)തിരുമേനിയുടെ കാൽച്ചുവട്ടിൽ കൊണ്ടിടണം. അതു സംബന്ധമായി നമ്മളിലോരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്. ഒരു പുതിയ ദൃഢനിശ്ചയത്തോടെ ജർമനീ അഹ്മദിയ്യ ജമാഅത്തിന് പുതിയനൂറ്റാണ്ടിൽ പ്രവേശിക്കേണ്ടതുണ്ട്. നമ്മൾ ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചുകൊണ്ട് ഈ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിന് പൂർണമായ ശ്രമം നടത്തേണ്ടതാണ്. നമ്മുടെ മക്കളേയും തലമുറകളേയും ഇതുപദേശിച്ചുകൊണ്ടിരി

## • കലാമുൽ ഇമാം: •

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

## • അല്ലാഹുവിന്റെ കലാം: •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**


## തൊഴിലാളികളെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

**KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732**

**ത്വാലിബെ ദുആ: T.A. SAJEER**
**AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 05 October 2023 Issue-40

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ക്കേണ്ടതാണ്. അവർക്ക് ഇപ്രകാരം ശിക്ഷണം നല്കുകയാണെങ്കിൽ, അല്ലാഹുവുമായിട്ടുള്ള ബന്ധത്തിന്റെ ഈ ഉണർവ് ഒരു തലമുറയിൽനിന്ന് മറ്റൊരു തലമുറയിലേക്ക് കൊളുത്തിക്കൊണ്ടു പോകുന്നതായിരിക്കും. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

**(പേജ് 1 ൽനിന്ന്)**

അതിലുണ്ടായിരുന്നു. രണ്ടാമത്തേതെന്തെന്നാൽ പൊതുവെ ജനങ്ങൾ ശ്മശാനങ്ങളെ ഭയപ്പെടുന്നവരാണ്. ഈ രീതിയിൽ ജനങ്ങളുടെ ദൃഷ്ടിയിൽനിന്ന് രക്ഷപ്പെടുന്നതിന് അവിടെ സാധ്യത കൂടുതലായിരുന്നു. ഈ കാറ്റകോംസ് റോമിന്നടുത്ത് ഈജിപ്റ്റിലെ അലക്സാണ്ട്രിയാ നഗരത്തിന്റെയടുത്ത് സിസ്‌ലിയിൽ, മാൽട്ടായിൽ, നേപ്പിൾസിന് സമീപത്താണെന്ന് ഇതുവരെ കണ്ടുപിടിച്ചിട്ടുണ്ട്. മിസ്റ്റർ ബഞ്ചമിൻ സ്കാട്ട് തന്റെ ഗ്രന്ഥമായ 'ദി കാറ്റകോംസ് അറ്റ് റോമിൽ'എഴുതുന്നു: എന്റെ അഭിപ്രായമിതാണ്, ആ ആരംഭകാലത്തും(പൗലോസ് റോമിൽ പോയപ്പോൾ)ക്രിസ്ത്യാനികൾ തങ്ങളുടെ സുരക്ഷിതത്വത്തിന്റെ ചിന്തയാൽ ജനങ്ങളുടെ കോപങ്ങളിൽനിന്നും യഹൂദികളുടെ ദ്രോഹങ്ങളിൽനിന്നും റോമൻ ഭരണത്തിന്റെ അക്രമങ്ങളിൽനിന്നും രക്ഷപ്പെടുന്നതിന് ആ ഗുഹങ്ങളിൽ അഭയം തേടാറുണ്ടായിരുന്നു. (പേജ് 63). പിന്നീട് അദ്ദേഹം എഴുതുന്നു:ആ കുഴികളിലും ഗുഹകളിലും അഭയം തേടാൻ അവർ തീർച്ചയായും നിർബന്ധിതരായിരുന്നു. ഇവിടെ ഗ്രന്ഥകർത്താവ് ആ ഭൂമിക്കടിയിലെ ഒളിസ്ഥലത്തിന് കേവ്(Cave) എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. അത് അറബിഭാഷയിലെ 'കഹ്ഫ്'ന്റെ തന്നെ വിഘടിത രൂപമാണ്. ഈ രീതിയിൽ ആ ഇംഗ്ലീഷുകാരനായ എഴുത്തുകാരൻ വിശുദ്ധ ഖുർആൻ ഉപയോഗിച്ച അതേപദംതന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. ഇതങ്ങനെ ചെയ്യേണ്ട ആവശ്യമുണ്ടായിരുന്നു. ഇത് റോമൻ ചരിത്രകാരൻ സൈറ്റസിന്റെ സാക്ഷ്യത്തിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്. അദ്ദേഹം പറുയുന്നു: നേറോ ജനങ്ങളെ സുഖിപ്പിക്കുന്നതിനുവേണ്ടി ക്രിസ്ത്യാനികളെ ജീവനോടെ കത്തിക്കാനും നായ്ക്കളെക്കൊണ്ട് കടിപ്പിക്കാനും കുരിശിൽ തറക്കാനും വിവിധ മാർഗങ്ങൾ സ്വീകരിച്ചിരുന്നു. ഈ ഉദ്ദേശ്യത്തിന് അയാൾ തന്റെ രാജബംഗ്ലാവ് വിട്ടുകൊടുത്തിരുന്നു. ആ ജനതയുടെ മേലുണ്ടായിരുന്ന ഇത്തരത്തിലുള്ള ക്രൂരത പ്രകടിപ്പിക്കുന്നത് അവർ എവിടെയെങ്കിലുംപോയി അഭയം തേടുമെന്നാണ്.

ക്രിസ്ത്യാനികൾ ആ സ്ഥലങ്ങളിൽ അഭയം തേടാൻ തുടങ്ങിയപ്പോൾ അഭയനാളുകളിൽ അവർ കൂടുതൽ സുക്ഷിതത്വത്തിനുവേണ്ടി അവയ്ക്കുള്ളിൽ മുറികളുണ്ടാക്കാൻ തുടങ്ങി. ഇപ്രകാരംതന്നെ ശഹീദാകുന്നവരുടെ ശരീരം അപമാനിക്കപ്പെടാതിരിക്കാൻ ആ ഗുഹകൾക്കുള്ളിൽകൊണ്ടുവന്ന് അവർ മറമാടാറുണ്ടായിരുന്നു. അങ്ങനെ ഈ പരമ്പര 300 വർഷംവരെ തുടർന്നു. അതുകൊണ്ട് ഈ ഗുഹ എത്രമാത്രം വലുതായി മാറിയെന്നാൽ ചിലയാളുകളുടെ കണക്കുപ്രകാരം 15 മൈൽ നീളംവരെ അതെത്തിയിരുന്നു.

കാരണം അക്രമം ഒരുപോലെ നടക്കുകയില്ല. ഇടയ്ക്ക് ചില രാജാക്കന്മാർ മൃദുസമീപനം കാണിക്കാറുണ്ടായിരുന്നു. അപ്പോൾ ക്രിസ്ത്യാനികൾ വീണ്ടും നഗരങ്ങളിൽ വരുമായിരുന്നു. പിന്നീട് അക്രമത്തിന്റെ നാളുകൾ വരുമ്പോൾ വീണ്ടും അവർ ഓടി ആ സ്ഥലങ്ങളിൽ ഒളിക്കുമായിരുന്നു. ചില ഘട്ടങ്ങളിൽ അവർക്കവിടെ മാസങ്ങളും വർഷങ്ങളും താമസിക്കേണ്ടിവന്നിരുന്നുവെന്ന് മസ്സിലാകുന്നുണ്ട്. കാരണം അവയ്ക്കുള്ളിൽ സ്കൂളുകളുടേയും ചർച്ചുകളുടേയും മുറികളും കണ്ടെത്തിയിരുന്നു.

ഈ ഗുഹ മൂന്നു നിലകളായിട്ടാണ് നിർമിച്ചിരുന്നത്. 1924-ൽ ഇംഗ്ലണ്ടിൽ പോകുമ്പോൾ റോമിൽ ഞാനത് എന്റെ കണ്ണുകൊണ്ട് നേരിട്ട് കണ്ടിട്ടുണ്ട്. ആദ്യത്തെ നിലയിലെ മുറികൾ ബുദ്ധിമുട്ടുകളൊന്നും കൂടാതെ കാണാൻ കഴിയും. രണ്ടാമത്തെ നിലയിൽ വളരെ ശ്വാസം മുട്ടൽ അനുഭവപ്പെടും. മൂന്നാമത്തെ നിലയിൽ അതായത് ഏറ്റവും താഴെ നനവും ഇരുട്ടും കാരണത്താൽ കയറുക അസംഭാവ്യമായിരുന്നു. ഞാൻ കണ്ടത് ആ ഗുഹകളെ ക്രിസ്ത്യാനികൾ തങ്ങളുടെ ആവശ്യത്തിനനുസരിച്ച് എങ്ങനെ ഉണ്ടാക്കിയിരുന്നുവെന്നാൽ അവയിൽ വളരെയധികം വാതിലുകളും വഴികളുമുണ്ടായിരുന്നു. സുരക്ഷിതത്വത്തിന് താഴെ കാണുന്ന മാർഗങ്ങൾ അതിൽ ഉപയോഗിക്കപ്പെട്ടിരുന്നു:

1)അന്യരായ ആരെങ്കിലും വന്നാൽ കുരയ്ക്കുമ്പോൾ ആരോ വന്നു എന്നറിയുന്നതിന് അവർ കവാടങ്ങളിൽ നായ്ക്കളെ കെട്ടിയിരുന്നു. 2)അവർ താമസിച്ചിരുന്ന ഗുഹകളിൽ സ്ഥലത്തിന്റെ ഉപരിഭാഗത്തൂടെ പ്രവേശിക്കാനുള്ള വഴിയുണ്ടായിരുന്നു. അവിടെ മണ്ണുകൊണ്ടുള്ള ഗോവണി ഇല്ലായിരുന്നു. പ്രത്യുത തടികൊണ്ടുള്ള ഏണിയായിരുന്നു ഉണ്ടായിരുന്നത്. തങ്ങളുടെ ആളുകൾ ഇറങ്ങിക്കഴിഞ്ഞതിനുശേഷം ഏണി മാറ്റിക്കളയുന്നതിനായിരുന്നു ഇത്. ശത്രുക്കൾ വന്നാൽ ക്ഷണത്തിൽ മുറികളിലെത്താതിരിക്കാനായിരുന്നു ഇങ്ങനെ ചെയ്തിരുന്നത്. 3). ഇനി അവർ ചാടിയോ അല്ലെങ്കിൽ കൈയിലുള്ള ഏണിവെച്ച് അകത്തിറങ്ങുകയോ ചെയ്താൽ അതിനുമുമ്പിൽ സംരക്ഷണത്തിന് ചെയ്തിരുന്നത് ഓരോ മുറിക്കും നാലു വഴികൾ ഉണ്ടാക്കിയിരുന്നു. അതിൽ ഒരു വഴി പോയിരുന്നത് അടുത്ത മുറിയിലേക്കായിരുന്നു. മറ്റുവഴികൾ കുറച്ച് ദൂരത്തെത്തി അടഞ്ഞുപോയിരുന്നു. ക്രിസ്ത്യാനികൾക്ക് പരിചയമുണ്ടായിരുന്ന കാരണത്താൽ ശത്രുക്കൾ വന്നാൽ ക്ഷണത്തിൽ അടുത്തമുറിയിൽ ഓടിപ്പോകാൻ കഴിയുമായിരുന്നു എന്നതാണ് അതുകൊണ്ടുള്ള നേട്ടം. മുമ്പിൽ വഴിയടഞ്ഞതുകാണുമ്പോൾ ശത്രുക്കൾ മറ്റു വഴിയിലേക്ക് മടങ്ങുമായിരുന്നു. ഇപ്രകാരം ആവർത്തിച്ച് തെറ്റായ വഴിയിലേക്ക് പോകുന്ന കാരണത്താൽ പിന്തുടരുന്നവർ ക്രിസ്ത്യാനികളെക്കാൾ വളരെ പിന്നിലായിപ്പോകുമായിരുന്നു. ഒന്നാമതായി ഈ പിന്തുടരൽത്തന്നെ പോലീസിനെ വളരെ ബുദ്ധിമുട്ടിച്ചിരുന്നു. പക്ഷേ, അവസാന പരിധിവരെ പിന്തുടർന്നാൽത്തന്നെയും (4) ക്രിസ്ത്യാനികൾ രണ്ടാമത്തെ നിലയിൽ അതായത് താഴെയുള്ള ഗുഹകളിൽ പോകുമായിരുന്നു. അത് ആദ്യത്തേതിനെക്കാൾ ഇടുങ്ങിയതും കൂടുതൽ ഇരുട്ടുനിറഞ്ഞതും കൂടുൽ സങ്കീർണവുമായിരുന്നു. പിന്തുടരുന്നവർ ഇവിടെവരെയെത്തുന്നതിൽ വിജയം നേടിയാലും (5)അതിനുതാഴെ മൂന്നാമത്തെ ഗുഹയുമുണ്ടായിരുന്നു. അവിടെ ഞങ്ങൾക്ക് രണ്ടുനാലു മിനുറ്റുപോലും തങ്ങാൻ കഴിഞ്ഞില്ല. അതിനൊരു കാരണം ഇതും കൂടിയായിരുന്നു, ഇപ്പോൾ അത് തേഞ്ഞു തേഞ്ഞ് ഒരുപാട് വഴുക്കാൻ തുടങ്ങിയിരുന്നു. എന്തായാലും അത് വളരെ ഭയാനകമായ സ്ഥലങ്ങളാണ്. പിന്തുടർന്ന് ആളുകൾ വരുമ്പോൾ അവിടെ വളരെ കുറച്ചുമാത്രമെ ക്രിസ്ത്യാനികൾ അഭയംതേടാറുണ്ടായിരുന്നുള്ളു. കാരണം എല്ലാ വഴികളുടേയും നീളം നൂറുക്കണക്കിന് മൈൽ പോയിരുന്നു. ആ സ്ഥലങ്ങളിൽവച്ച് ക്രിസ്ത്യാനികളെ പിടിക്കുക എന്നത് എളുപ്പമായിരുന്നില്ലെന്നത് പ്രകടമാണ്. സർക്കാർ എന്തായാലും സർക്കാർതന്നെയാണല്ലോ? പലപ്പോഴും പോലിസ് അവരെ പിടിക്കുകയും ചെയ്തിരുന്നു. അവിടെവച്ചുതന്നെ അവർ വധിക്കുകയും ചെയ്തിരുന്നു. ഞാൻ അത്തരം ശഹീദുമാരുടെ ധാരാളം ഖബ്റുകളും അവിടെ കണ്ടു. ഞങ്ങൾ ചില സ്മാരകങ്ങൾ ക്രിസ്ത്യാനികളെ കൊണ്ടു വായിപ്പിച്ചു. അവയിൽ വളരെ ദാരുണമായ സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതായി മനസ്സിലായി. ശഹാദത്തിന്റെ നേരത്ത് അവർക്ക് അഭിമുഖീകരിക്കേണ്ടി വന്നതായിരുന്നു അത്.

അടുത്ത കാലത്ത് പുതിയഖബ്റുകളും സ്മാരകങ്ങളും കണ്ടെത്തിയിട്ടുണ്ട്. അവരിൽ പത്രോസ് താമസിച്ചിരുന്ന അല്ലെങ്കിൽ ബൈബിളിൽ അവരെക്കുറിച്ച് പറഞ്ഞിട്ടുണ്ട് അങ്ങനെയുള്ളവരുടെ ഖബ്റുകളും കിട്ടിയിട്ടുണ്ട്.(എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പദം കാറ്റകോംസ്)

ഡസേസിന്റെ കാലത്ത് നിയമങ്ങൾ ഉണ്ടാക്കപ്പെട്ടിരുന്നു. അതായത് ക്രിസ്ത്യാനുകളെ ബിംബങ്ങൾക്കുമുമ്പിൽ മുട്ടുകുത്തി പ്രാർഥിക്കാൻ നിർബന്ധിക്കുന്നതിന്! വളരെ ക്രൂരതയോടെ ക്രിസ്ത്യാനികളെ കൊന്നിരുന്നു. ഇക്കാലും ഏകദേശം പൂർണമായും ക്രിസ്ത്യാനികൾ കാറ്റകോംസിലാണ് കഴിച്ചു കൂട്ടിയിരുന്നത്; ഭയന്ന് മതമൊഴിഞ്ഞവരൊഴികെ! അതിനാൽ അക്കാലത്ത് ഗുഹവാസികൾ അതിഗംഭീരമായൊരു ബലിദാനത്തിന്റെ ഉദാഹരണമാണ് സമർപിച്ചത്.

കാറ്റകോംസിൽ പതിപ്പിച്ചിട്ടുള്ള സ്മാരകഫലകത്തിൽനിന്ന് അറിയാൻ കഴിയുന്നത് അക്കാലത്ത് ക്രിസ്ത്യാനികളിൽ ബഹുദൈവാരാധന ഇല്ലായിരുന്നുവെന്നാണ്. മസീഹിനെ ദൈവത്തിന്റെ മകനെന്നല്ല വെറുമൊരു ആട്ടിടയന്റെ രൂപത്തിലാണ് കാണിക്കപ്പെട്ടിട്ടുള്ളത്. അദ്ദേഹത്തിന്റെ മാതാവിനെ കുറിച്ച് അസാധരണമായ ആദരവിന്റെ അടാളമൊന്നും ലഭിക്കുന്നില്ല. കൂടുതലായി പറഞ്ഞാൽ യൂനുസനബിയുടെ സംഭവത്തെയും നൂഹിന്റെ വെള്ളപ്പൊക്കത്തിന്റെ അവസാനം വെള്ളം ഇറങ്ങി എന്ന സന്ദേശവുമായി പ്രാവ് വന്നതും ചിത്രങ്ങളിലൂടെ കാണിച്ചിട്ടുണ്ട്. ഇതിൽനിന്ന് മനസ്സിലാകുന്നത് പഴയനിയമത്തെ അവർ കൈവിട്ടിരുന്നില്ലെന്നാണ്. മസീഹിനെ കേവലം ഒരു നബിയെന്നും ആത്മീയമായ ഇടയനെന്നും വിശ്വസിച്ചിരുന്നു.(കാറ്റകോംസിന്റെ കൂടുതൽ വിവരം അറിയാൻ എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക, ദി കാറ്റകോംസ് റോം, കർത്താവ് ബഞ്ചമിൻ സ്കാട്ട്, ഡോക്ടർ മേട്ട്‌ലന്റിന്റെ ഗ്രന്ഥം തുടങ്ങിയവ നോക്കുക)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin